# ശ്രീശങ്കരൻ, ഹെഗൽ, മാർക്സ്

കെ. ദാമോദരൻ



**ശ്രീശങ്കരൻ, ഹെഗൽ, മാർക്സ്**
**കെ. ദാമോദരൻ**
(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Marx and Hegel, Bishkek, a photograph by Davide Mauro. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ശ്രീശങ്കരൻ, ഹെഗൽ, മാർക്സ്

## പ്രവേശകം

ഭാരതീയതത്വചിന്തയും പാശ്ചാത്യദർശനവും തമ്മിൽ നിശിതമായ ഒരു വിഭജനരേഖയില്ലെന്ന് ഇന്ന സാമാന്യമായി അംഗീകരിക്കപ്പെട്ട ഒരു വസ്തുതയാണ്. ഹെഗൻ സാമ്രാജ്യത്തിന്റെ സ്ഥാപനത്തിനും അലക്സാണ്ടറുടെ ഇന്ത്യനാക്രമണത്തിനും ശേഷം ഭാരതീയരും പാശ്ചാത്യരുമായ ചിന്തകന്മാർ തമ്മിൽ സമ്പർക്കങ്ങളുണ്ടായിട്ടുണ്ട്. സേനാധ്യക്ഷന്മാരും ധനലോഭികളും മാത്രമല്ല പെർസ്യയിലേയും ഗ്രീസിലേയും ചരിത്രകാരന്മാരും, ഭൂമിശാസ്ത്രകാരന്മാരും ദാർശനികരും ഇന്ത്യ സന്ദർശിച്ചിരുന്നു; അവരിൽ ചിലർ തങ്ങളുടെ അനുഭവങ്ങളെയും അഭിപ്രായങ്ങളെയും ഗ്രന്ഥങ്ങളിലും എഴുത്തുകളിലുമായി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. പാടലീപുത്രത്തിലെ ചന്ദ്രഗുപ്തമൗര്യന്റെ സദസ്സിലെ ഒരു പ്രശസ്താംഗമായിരുന്ന മെഗസ്തനീസ്, ഏഷ്യാമൈനറിൽ നിന്നു വന്ന അപോളിനയസ്, ഡയോഡോറസ്, സിക്യലെസ്, അമിയൻ എന്നീ പ്രസിദ്ധ ഗ്രീക്കചരിത്രകാരന്മാർ, അലക്സാണ്ഡറെ ഇന്ത്യയിലേക്ക് അനുഗമിച്ച ടോളമി എന്നിവർ ആ ചിലരിൽ ഉൾപ്പെടുന്നു. 'ദിഗംബരദിവ്യയോഗികൾ' എന്ന ഗ്രീക്കുകാരാലും ദാർശനികരെന്നും മതാചാര്യന്മാരെന്നും മറ്റ പണ്ഡിതന്മാരാലും വിളിക്കപ്പെട്ടിരുന്ന ഇന്ത്യയിലെ സന്യാസിമാർ അവരിൽ പലരെയും ആകർഷിച്ചിട്ടുണ്ട്. ദർശനചരിത്രത്തെക്കുറിച്ച ചെയ്തിട്ടുള്ള തന്റെ പ്രഭാഷണങ്ങളിൽ 'ഇന്ത്യയിൽനിന്നും ഈജിപ്തിൽ നിന്നുമാണ് തന്റെ തത്വചിന്ത' പൈത്തഗോറസ് ഗ്രഹിച്ചിട്ടുള്ളത് എന്ന സാർവ്വത്രികമായ വിശ്വാസത്തെക്കുറിച്ച് ഹെഗൽ പരാമർശിക്കുകയും ചെയ്തിരിക്കുന്നു.

എങ്കിലും കണാദന്റെ വൈശേഷികദർശനത്തിൽ കലാശിച്ച അണുസിദ്ധാന്തത്തിന്റെ മൗലികസംഗതികൾ ഡെമോക്രിറ്റസിന്റെ ആഗമനത്തിന് രണ്ടുശതാബ്ദങ്ങൾക്കു മുമ്പു തന്നെ ഇവിടെ നിലവിലുണ്ടായിരുന്ന എന്നതിലും വൈശേഷിക പദ്ധതി, ഡെമോക്രിറ്റസിന്റെ അണുസിദ്ധാന്തത്തെക്കാൾ കൂടുതൽ സൂക്ഷ്മവും സങ്കീർണ്ണവും വ്യാപകവുമായിരുന്നു എന്നതിലും സംശയമേ ഇല്ല.

ഡോക്ടറേറ്റിനുവേണ്ടി 1841-ൽ മാർക്സ് തയ്യാറാക്കിയ 'ഡെമോക്രിറ്റസിന്റെയും എപിക്യൂറസിന്റെയും പ്രകൃതിദർശനങ്ങൾ തമ്മിലുള്ള അന്തരം' എന്ന ഗവേഷണപ്രബന്ധത്തിൽ, ഡെമോക്രിറ്റസ് ദാർശനികവിജ്ഞാനം അന്വേഷിച്ച് ഭൂമിയിൽ പലേടങ്ങളിലും സഞ്ചരിച്ചിട്ടുണ്ടെന്നും പെർസ്യയിലും എത്യോപ്യയിലും ഈജിപ്തിലും അനേകം ചിന്തകരെ സന്ദർശിച്ചിട്ടുണ്ടെന്നും ഇന്ത്യയിലെ ദിഗംബരദിവ്യയോഗികളുമായി സമ്പർക്കം പുലർത്തിയിട്ടുണ്ടെന്നും തെളിയിക്കുന്നതിന് ചില ആധികാരികരേഖകൾ ഉദ്ധരിച്ചിട്ടുണ്ട്. "എന്റെ സഹജീവികളെ അപേക്ഷിച്ച് വിദൂരവസ്തുക്കളെ അന്വേഷിച്ചുകൊണ്ട് ഭൂമിയിൽ ഏറ്റവുമധികം സഞ്ചരിച്ചിട്ടുള്ളതും വിഭിന്നകാലാവസ്ഥകളും ഭൂവിഭാഗങ്ങളുമായി ഭൂരിപക്ഷം പരിചയിച്ചിട്ടുള്ളതും ഏറ്റവും ഉന്നതന്മാരായ പണ്ഡിതന്മാരുടെ പ്രസംഗങ്ങൾ കേട്ടിട്ടുള്ളതും ഞാൻ തന്നെയാണ്" എന്ന് ഡെമോക്രിറ്റസ് സ്വയം അവകാശപ്പെടുന്നുണ്ടുപോലും.

അക്കാലത്ത് ഇന്ത്യയിൽ പ്രചരിതമായിരുന്ന അണുസിദ്ധാന്തത്താൽ ഡെമോക്രിറ്റസ് എത്രമാത്രം സ്വാധീനിക്കപ്പെട്ടിട്ടുണ്ട് എന്നറിവില്ല. എങ്കിലും കണാദന്റെ വൈശേഷികദർശനത്തിൽ കലാശിച്ച അണുസിദ്ധാന്തത്തിന്റെ മൗലികസംഗതികൾ ഡെമോക്രിറ്റസിന്റെ ആഗമനത്തിന് രണ്ടുശതാബ്ദങ്ങൾക്കു മുമ്പുതന്നെ ഇവിടെ നിലവിലുണ്ടായിരുന്ന എന്നതിലും വൈശേഷിക പദ്ധതി, ഡെമോക്രിറ്റസിന്റെ അണുസിദ്ധാന്തത്തെക്കാൾ കൂടുതൽ സൂക്ഷ്മവും സങ്കീർണ്ണവും വ്യാപകവുമായിരുന്നു എന്നതിലും സംശയമേ ഇല്ല. ഏതായാലും ഈ രണ്ടു സിദ്ധാന്തങ്ങളും തമ്മിൽ ഒരു താരതമ്യപഠനം ഇവിടെ നടത്തുന്നതു പ്രസക്തമല്ല. ആധുനിക യൂറോപ്പിലെ ചിന്താപദ്ധതിയുടേയും പ്രബുദ്ധതയുടേയും പ്രധാന സ്രോതസ്സുകളിലൊന്നായ ഗ്രീക്കു തത്വചിന്ത ഇന്ത്യയടക്കമുള്ള ഇതരരാജ്യങ്ങളിലെ തത്വചിന്തകളുമായി ഒട്ടും ബന്ധപ്പെടാതെ ഒറ്റയ്ക്കു വികസിച്ചുവന്നതല്ല എന്നു സൂചിപ്പിക്കുകമാത്രമാണു നമ്മുടെ ലക്ഷ്യം. ഇത് പാശ്ചാത്യചിന്തകന്മാർ തന്നെ സ്വയം സമ്മതിക്കുന്ന ഒരു വസ്തുതയാണുതാനും. ഉദാഹരണമായി ഗ്രീക്കു മതത്തെപ്പറ്റി എഴുതിയ പ്രബന്ധത്തിൽ ഫാർണൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്:

ഹെലനിക സംസ്കാരവും പൗരസ്ത്യ മതഭാവവും തമ്മിലുള്ള ഈ ലയനം പുരാതനരേഖകളിൽ പരിരക്ഷിക്കപ്പെട്ടിരിക്കുന്നു എന്നുള്ള വിസ്മയജനകവും അതികൗതുകാവഹവുമായ അഭിപ്രായം ഹെറമെറ്റികസാഹിത്യത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. 'ഞാൻ നീ തന്നെ, നീ ഞാൻ തന്നെ' എന്നിങ്ങനെ ദേവതയെ അഭിസംബോധനം ചെയ്തുകൊണ്ടു ആവർത്തിച്ച് ഉച്ചരിക്കപ്പെടുന്ന ഹെറമെറ്റികമന്ത്രം ഈ വിശുദ്ധ രേഖകളിലെ മഹാവാക്യമായി പരിഗണിക്കപ്പെടാവുന്നതാണ്. ഗ്രീക്കുദർശനവും പൗരസ്ത്യമായ ഔപനിഷദ്ബ്രഹ്മവിദ്യയും തമ്മിലുള്ള ഈ രേഖകൾ വെളിപ്പെടുത്തുന്ന, അസ്വാഭാവികമായ പ്രസ്തുത സഖ്യം പിന്നീട് അനുഭവിച്ച വിഗ്രഹാരാധനാരീതിയിലെ ഒരു പ്രധാനസംഭവമാണ്. ക്രിസ്തീയ തത്വമീമാംസയുടെ സ്രോതസ്സുകളെപ്പറ്റിയുള്ള പഠനം അതുമായി ഒട്ടുവളരെ ബന്ധപ്പെട്ടിരിക്കുന്നു.

ഹെലനിക ജനതയുടെ ഈ ഗൂഢാർത്ഥവാദിമതത്തിന്റെ മറ്റൊരു പ്രത്യേകതയായി ഫാർണൽ ദർശിച്ചിട്ടുള്ളത്. "അവയിൽ എല്ലാറ്റിലുമില്ലെങ്കിലും മിക്കതിലും ആത്മാവിന്റെ അനശ്വരത, സന്തുഷ്ടമായ പുനർജ്ജന്മം മരണാനന്തരദിവ്യജീവിതം എന്നിവയെക്കുറിച്ച ചെയ്തിട്ടുള്ള പ്രഖ്യാപന"മാണ്.

റോമൻ സാമ്രാജ്യത്തിന്റെ കാലംവരെ പാശ്ചാത്യലോകത്തിൽ നിലവിലുണ്ടായിരുന്ന പൗരസ്ത്യരുടെ ചിന്തകളും മതപരമായ ആരാധനയും ചേർന്നതാണ് പൗരസ്ത്യദർശനം എന്ന് ഹെഗൽ പറഞ്ഞിട്ടുണ്ട്.

എ. ഡി. എട്ടാം ശതകത്തിൽ ഇസ്ലാമിന്റെ ആഗമനത്തിനുശേഷം ഒട്ടേറെ ഭാരതീയഗ്രന്ഥങ്ങൾ പെർസ്യനിലേക്കും അറബിയിലേക്കും വിവർത്തനം ചെയ്യപ്പെടുകയുണ്ടായി; അവയുടെ മാറ്റൊലികൾ യൂറോപ്പിലെത്തുകയും ചെയ്തു.

ഇന്ത്യൻ തത്വചിന്തയെപ്പറ്റി എന്നതുകൊണ്ട് നാം മുഖ്യമായി മനസ്സിലാക്കുന്നത് മതപരമായ ആശയങ്ങൾ എന്നാണ്. പക്ഷേ, ആധുനികകാലത്താണ് യഥാർത്ഥത്തിലുള്ള തത്വചിന്താകൃതികളുടെ ഖണ്ഡിതമായ ഒരറിവ് നമുക്ക് ആദ്യമായി ലഭിച്ചത്. ഇന്ത്യൻ തത്വചിന്ത വേർതിരിച്ചെടുക്കുവാൻ ജനങ്ങൾ പഠിച്ചുകഴിഞ്ഞിരിക്കുന്നു.

ഇന്ത്യയിലെ ജ്ഞാനവാദവും, ജീവാത്മാവ് ദൈവവുമായി സംയോജിക്കുന്നു എന്ന ആശയത്തിന് ഊന്നൽ നൽകിയ സൂഫി തത്വചിന്തയും തമ്മിലുള്ള സാദൃശ്യങ്ങളെ പല എഴുത്തുകാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ദൈവം (ഫാന) ഒരു ധാർമ്മികാവസ്ഥയാണെന്ന നിർവ്വചനവും കാമങ്ങളുടെയും തൃഷ്ണകളുടെയും ഉപശമനത്തിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാർഗ്ഗങ്ങളും നിർവ്വാണത്തിന്റെ നിർവ്വചനവുമായി തികച്ചും പൊരുത്തപ്പെടുന്നതിനാൽ ബുദ്ധമതത്തിന്റെ സ്വാധീനത നിഷേധിക്കപ്പെടാവുന്ന ഒന്നല്ലെന്നും 'ഫാന' യുടെ വിശ്വദേവതാത്വം ഭാരതീയമായ വേദാന്തത്തിലും തത്തുല്യങ്ങളായ ചിന്താപദ്ധതികളിലും സൂചിപ്പിക്കപ്പെട്ടുതന്നെയാണെന്നും നിക്കൽസൺ എഴുതിയിട്ടുണ്ട്. (റിലിജൻ ആന്റ് എത്ത്ക്സിന്റെ എൻസൈക്ലോപീഡിയയിൽ).

അക്ബറുടെ പ്രപൗത്രനായ ദാരാഷിക്കൊഹ് രാജകുമാരൻ "മജ്മൗൽ ബഹ്റേൻ" എന്ന ഗ്രന്ഥത്തിന്റെ മുഖവുരയിൽ സൂഫികളുടെ അദ്വൈതവും വേദാന്തികളുടെ അദ്വൈതവും തമ്മിലുള്ള വ്യത്യാസം കേവലം വാക്കുകളിലേ ഉള്ളൂ എന്നു ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഉപനിഷത്തുകളുടെ പെർസ്യൻ വിവർത്തനത്തിൽ അദ്ദേഹം ഔപനിഷദമായ പരമതത്വവും ഐസ്ലാമിക പരമതത്വവും അഭിന്നമായിത്തന്നെ കരുതിയിട്ടുണ്ട്. മാത്രമല്ല ഖുറാൻ ഉപനിഷദന്തർഗ്ഗതമാണെന്നുപോലും പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു (ബിക്രംജിത് ഹസരാത് എഴുതിയ "ദാരാഷിക്കൊഹ്, ലൈഫ് ആന്റ് വർക്സ്" എന്ന ഗ്രന്ഥത്തിൽ).

ഇപ്രകാരം പ്രാചീനകാലം മുതൽ മദ്ധ്യകാലാവസാനം വരെ പല വഴികളിലൂടെയും ഭാരതീയ-മതദർശന-ചിന്തകൾ യൂറോപ്പിലെ തത്വചിന്തയിലേക്കു പലമാർഗ്ഗങ്ങളിലൂടെയും കടന്നുചെന്നിട്ടുണ്ട്. എങ്കിലും ഭാരതീയമായ തത്വചിന്താപദ്ധതിയെയും സംസ്കൃതിയെയും കുറിച്ച് ക്രമാനുസൃതമായ പഠനം പാശ്ചാത്യപണ്ഡിതന്മാർ ആരംഭിച്ചത്, പതിനെട്ടാം ശതകത്തിന്റെ അന്ത്യത്തോടുകൂടി ഇംഗ്ലണ്ടിലും അയർലണ്ടിലും റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെയും ബംഗാളിൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെയും സ്ഥാപനത്തിനുശേഷം മാത്രമാണ്, ഈ കാലഘട്ടത്തിലാണ് സർ വില്യം ജോൺസ് കോൾബ്രൂക്ക്, വിൽസൻ എന്നിവരും അതുപോലുള്ള മറ്റു സമുന്നതപണ്ഡിതന്മാരും ഭാരതീയ ചിന്താപദ്ധതിയെക്കുറിച്ച് ഗൗരവപൂർവ്വകമായ പഠനം ഏറ്റെടുത്തത്. ഇന്ത്യൻ തത്വചിന്തയെപ്പറ്റി എന്നതുകൊണ്ട് നാം മുഖ്യമായി മനസ്സിലാക്കുന്നത് മതപരമായ ആശയങ്ങൾ എന്നാണ്. പക്ഷേ, ആധുനികകാലത്താണ് യഥാർത്ഥത്തിലുള്ള തത്വചിന്താകൃതികളുടെ ഖണ്ഡിതമായ ഒരറിവ് നമുക്ക് ആദ്യമായി ലഭിച്ചത്. ഇന്ത്യൻ തത്വചിന്ത വേർതിരിച്ചെടുക്കുവാൻ ജനങ്ങൾ പഠിച്ചുകഴിഞ്ഞിരിക്കുന്നു. വിശേഷിച്ചും കോൾബ്രൂക് രണ്ടു ദർശനഗ്രന്ഥങ്ങളിൽ നിന്ന് ചില സംഗ്രഹങ്ങൾ ഞങ്ങൾക്ക് അയച്ചു തരികയുണ്ടായി. ഭാരതീയ തത്വചിന്താപദ്ധതിയെപ്പറ്റി ഞങ്ങൾക്കു ലഭിച്ച ആദ്യത്തെ സംഭാവന ഇതായിരുന്നു എന്ന് ഹെഗൽ പറഞ്ഞിട്ടുണ്ട്. (ദർശനചരിത്രത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങളിൽ).

ഹെഗലാണ് തന്റെ സമകാലികന്മാരെക്കാളും കൂടുതൽ അഗാധമായി പ്രമുഖങ്ങളായ ഭാരതീയ തത്വചിന്താധാരകളെക്കുറിച്ച് പഠനം നടത്തിയിട്ടുള്ളത്. "ദർശന ചരിത്രത്തെക്കുറിച്ചുള്ള പ്രഭാഷണ"ങ്ങളിൽ അദ്ദേഹം സാംഖ്യം, ന്യായം, മീമാംസ എന്നിവയുടെയും മറ്റു ദർശനപദ്ധതികളുടെയും രത്നച്ചുരുക്കം തന്റെ ശിഷ്യന്മാർക്കു നൽകുകയുണ്ടായി. എന്നാൽ അദ്ദേഹത്തെ ഏറ്റവുമധികം ആകർഷിച്ചിട്ടുള്ളത് ഭാരതത്തിലെ അദ്ധ്യാത്മചിന്തയാണെന്നു തോന്നുന്നു.

"ഭാരതീയമായ ചിന്ത ഏകദേശം സൂക്ഷ്മമായി ഇപ്രകാരം പ്രകാശിപ്പിക്കാം: അമൂർത്തമായും സമൂർത്തമായും ഗ്രഹിക്കപ്പെടാവുന്ന സർവ്വവ്യാപിയായ ഒരു വസ്തുവുണ്ട്. എല്ലാം അതിൽനിന്നു രൂപംകൊള്ളുന്നു. സ്വന്തം ചേതനയ്ക്ക് ആ വസ്തുവുമായി താദാത്മ്യം സാധിപ്പിക്കുക എന്നതാണ് മനുഷ്യന്റെ പരമമായ സിദ്ധി. മതത്തിൽ ഉപാസനകൊണ്ടും അർച്ചനകൊണ്ടും കർശനപ്രായശ്ചിത്തങ്ങൾകൊണ്ടും, ദർശനത്തിൽ ശുദ്ധമായ ചിന്തയുടെ സഹായം കൊണ്ടും അതു സാധിപ്പിക്കാവുന്നതാണ് എന്ന് ഹെഗൽ പ്രസ്താവിച്ചിട്ടുണ്ട്" (ലക്ചേഴ്സ് ഓൺ ദി ഹിസ്റ്ററി ഓഫ് ഫിലോസഫി).

ആനുഭവിക സത്യത്തിൽ നിന്നും ഇന്ദ്രിയ ഗോചരവസ്തുകളിൽ നിന്നും വ്യത്യസ്തമാണ് യഥാർത്ഥ്യമെന്നുള്ള കൽപന ഇന്ത്യൻ തത്വചിന്തയുടെ സമഗ്രശരീരത്തിലും വ്യാപിച്ചിരിപ്പുണ്ട്. ഇന്ത്യൻ തത്വചിന്ത ശ്രീശങ്കരനോടുകൂടി അതിന്റെ ഉച്ചകോടിയിലെത്തിച്ചേരുകയും ചെയ്തു.

ഭാരതത്തിലെ വേദാന്തത്താലും മറ്റുള്ള തത്വചിന്തകളാലും ഹെഗൽ എത്രമാത്രം സ്വാധീനിക്കപ്പെട്ടിരുന്നു എന്ന് തിട്ടപ്പെടുത്തുവാൻ വിഷമമുണ്ട്. ആദികാല ഗ്രീക്ക ചിന്തകന്മാർ മുതൽ പ്രബോധയുഗത്തിലെ ദാർശനികന്മാർ വരെയുള്ള പാശ്ചാത്യതത്വമീമാംസകരും അദ്ദേഹത്തിനു തൊട്ടുമുമ്പു ജീവിച്ചിരുന്ന കാന്റും തദനുയായികളായ ഹിഷ്റ്റേ, ഷെല്ലിംഗ് എന്നിവരുമാണ് അദ്ദേഹത്തെ മുഖ്യമായും സ്വാധീനിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ തത്വചിന്തയുടെ സ്വഭാവങ്ങൾ നിർണ്ണയിച്ചിട്ടുള്ളതും എന്നു നിശ്ചയമത്രെ. എന്നിരിക്കിലും അദ്ദേഹത്തിന്റെ ചിന്താപദ്ധതിക്കു വികാസവും അന്തിമമായ രൂപവും ഉണ്ടാക്കുന്നതിൽ ഭാരതീയമായ ആശയവാദവും സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു കല്പിക്കുകയാണു ഭദ്രം.

ആദ്യത്തെ ഔപനിഷദികാചാര്യന്മാർക്കു ശേഷം ഇന്ത്യയിൽ ബ്രഹ്മത്തെപ്പറ്റിയുള്ള പരികൽപനകൾ ആരംഭിച്ചിട്ടുണ്ട്. പരിച്ഛിന്നാപരിച്ഛിന്നങ്ങൾ തമ്മിലും വിഷയവിഷയികൾ തമ്മിലും വ്യഷ്ടിസമഷ്ടികൾ തമ്മിലുമുള്ള പൊരുത്തക്കേടുകളെ ഇണക്കിച്ചേർക്കുവാൻ പരിശ്രമിച്ചിട്ടുണ്ട്. ചില ചിന്തകന്മാർ ആശയവാദികളായിരുന്നു എങ്കിൽ മറ്റു ചിലർ ഭൗതികവാദികളായിരുന്നു. ഭൗതികവാദികൾക്കു മനുഷ്യനും പ്രകൃതിയും പ്രപഞ്ചവും മാത്രമേ സത്യമായിട്ടുള്ളൂ: അതിനപ്പുറം ഒന്നുമില്ലതന്നെ. ആശയവാദികളാകട്ടെ ദൃശ്യപ്രപഞ്ചത്തിനു പിന്നിൽ ഒരു പരമാർത്ഥപ്രപഞ്ചത്തെ സങ്കൽപിച്ചിരുന്നു. ആനുഭവിക സത്യത്തിൽ നിന്നും ഇന്ദ്രിയ ഗോചരവസ്തുകളിൽ നിന്നും വ്യത്യസ്തമാണ് യഥാർത്ഥ്യമെന്നുള്ള കൽപന ഇന്ത്യൻ തത്വചിന്തയുടെ സമഗ്രശരീരത്തിലും വ്യാപിച്ചിരിപ്പുണ്ട്. ഇന്ത്യൻ തത്വചിന്ത ശ്രീശങ്കരനോടുകൂടി അതിന്റെ ഉച്ചകോടിയിലെത്തിച്ചേരുകയും ചെയ്തു.

ശ്രീശങ്കരൻ എ. ഡി. ഒമ്പതാം ശതകത്തിലാണു ജീവിച്ചിരുന്നത്. ബുദ്ധമതത്തിന്റെ അസ്തമയവും, ദക്ഷിണേന്ത്യയിൽ ശൈവവൈഷ്ണവാചാര്യന്മാരുടെ ഉദയവും സംഭവിച്ചുകഴിഞ്ഞ ഒരു കാലമായിരുന്നു അത്. മതപരമായ ആചാരങ്ങളാൽ പ്രതിഷ്ഠിക്കപ്പെട്ടതും, അന്യോന്യനാശകങ്ങളായ യുദ്ധങ്ങളിൽ നിരന്തരം ഏർപ്പെട്ടിരുന്ന സ്വേച്ഛാധിപതികളായ രാജാക്കന്മാർ പിന്തുണ നൽകിയിരുന്നതും, പുരോഹിതവർഗ്ഗം ഏർപ്പെടുത്തിയിരുന്നതുമായ ജാതിവിഭജനത്തെ ആധാരമാക്കിയുള്ള മർദ്ദനസ്വഭാവത്തോടുകൂടിയ സാമൂഹ്യക്രമത്തിൽ ജനങ്ങൾ കൂടുതൽ അതൃപ്തി പൂണ്ടിരുന്ന ഒരു കാലമായിരുന്നു അത്. ആധുനികശാസ്ത്രം അന്ന് രൂപം കൊണ്ടിരുന്നില്ല. പഞ്ചഭൂതങ്ങളുടെ ഉൽപത്തി സ്വഭാവം എന്നിവയെക്കുറിച്ചും മനുഷ്യന്റെ ശരീരശാസ്ത്രത്തെക്കുറിച്ചുമുള്ള ആശയങ്ങൾ പരീക്ഷണങ്ങളെ ദത്തങ്ങൾകൊണ്ടു തെളിയിക്കപ്പെടാത്ത വെറും ഊഹാപോഹങ്ങൾ മാത്രമായിരുന്നു. ജാതിവിവേചനാധിഷ്ഠിതങ്ങളായ കർമ്മാനുഷ്ഠാനങ്ങളിലും പൂജാവിധികളിലും മനം മടുപ്പുണ്ടാക്കുന്നവിധം ഊന്നൽ നൽകിയിരുന്ന ഒരു സാമൂഹ്യക്രമം മതത്തിന് അപരിഹാര്യമായിരുന്നു. ഈ പരിതഃസ്ഥിതിയിൽ ഒരു ദാർശനികനും മതതത്വശാസ്ത്രത്തിന്റെയും രഹസ്യവാദത്തിന്റെയും മേഖലകൾക്കപ്പുറം കടന്നുചെല്ലുവാൻ സാദ്ധ്യമല്ലല്ലോ. ബഹുജനം അജ്ഞതയിലും അനക്ഷരതയിലും അന്ധവിശ്വാസങ്ങളിലും ആണ്ടുകിടക്കുകയായിരുന്നു. ഉന്നത സമൂഹത്തിൽപ്പെട്ട പണ്ഡിതന്മാർ അവരുടെ ദന്തഗോപുരങ്ങളിലിരുന്നുകൊണ്ട് പഴയ തത്വശാസ്ത്രഗ്രന്ഥങ്ങളിലെ വിവിധവാക്യങ്ങളുടെ ശരിയായ അർത്ഥത്തെച്ചൊല്ലി അന്തമില്ലാത്ത ചർച്ചകളിലേർപ്പെട്ട് സ്വയം രസിച്ചുകൊണ്ട് കഴിയുകയായിരുന്നു. അപ്പോഴാണ് ശ്രീശങ്കരൻ തന്റെ അദ്വൈതവേദാന്തവുമായി രംഗപ്രവേശം ചെയ്തതും മറ്റെല്ലാതത്ത്വചിന്താസരണികളെയും വെല്ലുവിളിച്ചതും.

അതിനും ഒരായിരം കൊല്ലങ്ങൾക്കുശേഷമാണ് ഹെഗൽ ജർമ്മനിയിൽ ഭൂജാതനായത്. പ്രകൃതിശാസ്ത്രവും സാമൂഹ്യശാസ്ത്രവും വികാസം പ്രാപിച്ച്, മദ്ധ്യകാലീനചിന്താഗതിക്ക് കർശനമായ വ്യതിയാനം വരുത്തി നാം സാധാരണ വ്യവഹരിക്കാറുള്ള മതനിരപേക്ഷതയുടെ ആവിർഭാവത്തിനു കളമൊരുക്കിയ കാലഘട്ടമാണല്ലോ ഇത്. പതിനേഴും പതിനെട്ടും ശതകങ്ങളിൽ ഇംഗ്ലണ്ടിലും ഫ്രാൻസിലും വ്യക്തിയുടെ പവിത്രതയെയും സ്വാതന്ത്ര്യത്തെയും സാമ്പത്തികമണ്ഡലത്തിലെ സർവ്വവിധ പാരതന്ത്ര്യത്തോടുമുള്ള എതിർപ്പിനെയും പ്രഖ്യാപിക്കുന്നതിനിടയാക്കിയ ഇടത്തരക്കാരുടെ രാഷ്ട്രീയവിപ്ലവത്തെ കരുപ്പിടിച്ച, യൂറോപ്പിലെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സംഭവവികാസങ്ങൾക്കു ശേഷമാണ് അദ്ദേഹത്തിന്റെ ജനനമുണ്ടായത്. തന്മൂലം തന്റെ തത്വചിന്താപദ്ധതിക്കു രൂപം നൽകുന്നതിന് പ്രകൃതി വിജ്ഞാനത്തിന്റെയും സാമൂഹ്യവിജ്ഞാനത്തിന്റെയും ചരിത്രവിജ്ഞാനത്തിന്റെയും സംഭാവനകളെ പ്രയോജനപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. ജനാധിപത്യത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ആധുനികമൂല്യങ്ങളുടെ ആവിർഭാവവും തത്വചിന്തയുടെ ചരിത്രത്തിൽ ഒരു നൂതനയുഗം അവതരിപ്പിക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അക്കാരണത്താൽ ഹെഗലിന്റെ ചിന്താപദ്ധതിയിൽ ശ്രീശങ്കരന്റേതിലുള്ളതിനെക്കാൾ കൂടുതലായി സയൻസിന്റെ ആത്മാവ് സന്നിധാനം ചെയ്തിട്ടുണ്ടെങ്കിൽ അതു സ്വാഭാവികം തന്നെയാണല്ലോ.

പ്രഷ്യയിലെ റൈൻ പ്രവിശ്യയിലുള്ള ഒരു ചെറിയ നഗരത്തിൽ നവീകരണവാദിയായ ഒരു ഇടത്തരക്കാരൻ വക്കീലിന്റെ പുത്രനായി 1818-ൽ മാർക്സ് ജനിച്ചപ്പോൾ ലോകം 1789-ലെ ഞെട്ടലിൽ നിന്ന് മുക്തമായിട്ടില്ലായിരുന്നു. യൂറോപ്പിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലും പഴയ ജന്മിവ്യവസ്ഥ തകരുകയായിരുന്നു; പക്ഷേ, പുതിയ മുതലാളിത്തവ്യവസ്ഥ ഉദയം ചെയ്തിട്ടുമില്ലായിരുന്നു. പഴകിയ പരമ്പരാഗതമൂല്യങ്ങളോടുള്ള വെല്ലുവിളി നടക്കുന്നുണ്ടായിരുന്നു; പക്ഷേ, ആ സ്ഥാനത്ത് പുതിയ മൂല്യങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിട്ടുമില്ലായിരുന്നു. അത് ഏതായാലും വമ്പിച്ച സാമ്പത്തികരാഷ്ട്രീയപരിവർത്തനങ്ങൾ സത്വരംസംഭവിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു. ഒരു വശത്ത് ജനങ്ങൾ ചിരപ്രതിഷ്ഠിതമായിരുന്ന ജന്മിസമ്പ്രദായത്തിനെതിരെ സമരങ്ങൾ സംഘടിപ്പിക്കുകയും സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടി വഴക്കടിക്കുകയും ചെയ്തിരുന്നപ്പോൾ മറുവശത്ത് ലിയോൺസിലെ അസ്വസ്ഥരായ വ്യവസായത്തൊഴിലാളികൾ ഫ്രാൻസിലും, സൈലീസിയതയിലെ ചാർട്ടിസ്റ്റുകൾ ഇംഗ്ലണ്ടിലും ജനാധിപത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പൊരുളിന് അർത്ഥവ്യാപ്തിയുണ്ടാക്കുവാൻ പരിശ്രമിക്കുകയായിരുന്നു. യൂറോപ്പു മുഴുവനും അസംതൃപ്തികൊണ്ട് ഇളകിമറിയുകയായിരുന്നു.

ഹെഗലിന്റെ ശിഷ്യനായിട്ടാണ് മാർക്സ് ആരംഭിച്ചത്. എന്നാൽ വിനാവിളംബം അദ്ദേഹം ഹെഗലീയചിന്താഗതിക്കാരിൽ ഇടതുപക്ഷക്കാരുടെ ചേരിയിൽ ചേർന്നു. ഒടുവിൽ സ്വന്തം സിദ്ധാന്തങ്ങളെ പ്രപഞ്ചനം ചെയ്യുന്നതിനായി അവരിൽ നിന്നും അകന്നുമാറി. ഇരുപതാം നൂറ്റാണ്ടിലെ സംഭവഗതികളെ മാർക്സിന്റെ തത്വചിന്തപോലെ മറ്റൊന്നും സ്വാധീനിച്ചിട്ടില്ലെന്ന് അനുയായികളും എതിരാളികളും ഒരുപോലെ സമ്മതിക്കുന്ന കാര്യമാണ്. "ഡെമോക്രിറ്റസിന്റെയും എപിക്യൂറസിന്റെയും പ്രകൃതിദർശനങ്ങൾക്കു തമ്മിലുള്ള അന്തരം" എന്ന മാർക്സിയൻ പ്രബന്ധം അമേരിക്കയിൽ ഫിലോസഫി പ്രൊഫസറായിരുന്ന നോർമൻ ഡി. ലിവർഗുഡ് വിവർത്തനം ചെയ്തപ്പോൾ അതിന്റെ മുഖവുരയിൽ അദ്ദേഹം കലവറയില്ലാതെ ഇപ്രകാരം പ്രസ്താവിച്ചു: "സാമ്പത്തികവും രാഷ്ട്രീയവുമായ നടപടിക്രമത്തിന് അടിസ്ഥാനമായിത്തീർന്നിട്ടുള്ള തത്വചിന്തയ്ക്ക് ഏറ്റവും നല്ല ദൃഷ്ടാന്തങ്ങളിലൊന്ന് മാർക്സിസമാണ്. ഊഹിക്കാൻപോലും വയ്യാത്തവിധത്തിലാണ് അതിന്റെ സ്വാധീനശക്തി. ഇന്ന് മറ്റേതൊരാളുടെയും പേരിനു മുന്നിൽ എന്നതിനെക്കാൾ മാർക്സിന്റെ പേരിനു മുന്നിലാണു കൂടുതലായിമുട്ടുകൾ മടങ്ങിക്കാണുന്നത്."

ശ്രീശങ്കരൻ, ഹെഗൽ, മാർക്സ് എന്നീ മൂന്നു സമുന്നത ചിന്തകന്മാരുടെ ദാർശനിക ചിന്താസരണികളെ താരതമ്യപഠനം ചെയ്യുന്നതിനുള്ള ഒരു പരിശ്രമമാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം.

ശ്രീശങ്കരൻ തന്റെ തത്വചിന്താപരമായ ഗവേഷണത്തിന് ആധാരമാക്കിയത് മുഖ്യമായും ഉപനിഷത്തുകളിലും ബാദരായണന്റെ ബ്രഹ്മസൂത്രത്തിലും ഭഗവദ്ഗീതയിലും അന്തർഭവിച്ചിട്ടുള്ള തത്വചിന്തകളെ ആയിരുന്നില്ല. ഈ പ്രാചീനകൃതികൾക്ക് താൻ നിർമിച്ചിട്ടുള്ള ഭാഷ്യങ്ങളുടെ രൂപത്തിലാണ് അദ്ദേഹം, അദ്വൈതവേദാന്തമെന്നോ കേവലാദ്വൈതമെന്നോ വ്യവഹരിക്കാറുള്ള തന്റെ ഏകത്വദർശനം വിശദമാക്കിയത്. താഴെപ്പറയുന്ന തർക്കവാക്യങ്ങളിൽ അദ്ദേഹത്തിന്റെ തത്വചിന്തയുടെ സാരാംശം അടങ്ങിയിരിക്കുന്നു:

> "ബ്രഹ്മ സത്യം ജഗന്മിഥ്യാ
> ജീവോ ബ്രഹ്മൈവ നാപരഃ"

ബ്രഹ്മം അഥവാ പരമാത്മാവു ആണ് ഏകവും പൂർണ്ണവുമായ സത്യം. നാനാത്വത്തോടുകൂടിയ ജഗത്ത് ഭ്രമജനകമായ ആഭാസമത്രേ. ജീവാത്മാവ് പരമാത്മാവല്ലാതെ മറ്റാരുമല്ല. അതാണ് ഈ വാക്യത്തിന്റെ അർത്ഥം. ശ്രീശങ്കരൻ ബ്രഹ്മത്തെ നിർവചിക്കുന്നത് ഇപ്രകാരമാണ്:

> "ജന്മാദ്യസ്യ യതഃ"

ഇതിന്റെ (ജഗത്തിന്റെ) ഉത്പത്തി മുതലായത് ഏതിൽ നിന്നോ അത് (ബ്രഹ്മം ആകുന്നു).

പ്രസ്തുത സൂത്രത്തിന്റെ അർത്ഥം: "നാമരൂപങ്ങളിലൂടെ അഭിവ്യക്തമായതും, നാനാതരത്തിലുള്ള കർത്താക്കളും ഭോക്താക്കളും ഉൾപ്പെട്ടതും സുനിയതമായ ദേശകാലനിമിത്തങ്ങളെ ആശ്രയിച്ചുള്ള കർമ്മങ്ങളും തത്ഫലങ്ങളും ഉൾക്കൊണ്ടതും, ഭാവനാതീതമാംവണ്ണം രചനാഭംഗിയോടുകൂടിയതുമായ ഈ ജഗത്തിന്റെ ഉത്പത്തിയും സ്ഥിതിയും പ്രളയവും ഏതിൽനിന്നു സംഭവിക്കുന്നുവോ സർവജ്ഞവും സർവശക്തവുമായ ആ സ്രോതസ്സാണ് ബ്രഹ്മം" (1) എന്നാണ് ഈ സൂത്രത്തിന്റെ താത്പര്യം.

ഭൂതം, ഭാവി, വർത്തമാനം എന്നീ മൂന്നു കാലങ്ങളിലും യഥാർത്ഥത്തിലുള്ളതായ അസ്തിത്വത്തെ അപ്പടി നിഷേധിക്കുകയാണ് ഏകത്വവാദം ചെയ്യുന്നത്. ശ്രീശങ്കരന്റെ മിഥ്യാവാദം ബുദ്ധമതത്തിൽനിന്ന് ഇറക്കുമതി ചെയ്യപ്പെട്ട ഒന്നാണ് എന്നുവരെ സമർത്ഥിക്കുന്നതിനും ചിലർ മുതിർന്നിട്ടുണ്ട്.

എല്ലാ പരിവർത്തനങ്ങൾക്കും രൂപാന്തരങ്ങൾക്കും അതീതമായി വർത്തിക്കുന്ന ഒരു സംപ്രത്യയമാണ് ബ്രഹ്മം. അത് ശാശ്വതവും അവികാരവും നിർഗുണവും അവനാശിയും ആയ കേവലസത്യമാണ്: അദ്വിതീയമായ സത്യമാണ്. ജഗത്തിലുള്ള എല്ലാറ്റിനും അതു ആധാരമായിരിക്കുന്നു. അത് അസ്തിത്വത്തിന്റെ ആകത്തുകയാണ്. തന്നിൽനിന്നു ഭേദമില്ലാത്തവയും ഇന്ദ്രിയവിഷയങ്ങളും ബഹുവിധങ്ങളായ അസ്തിത്വങ്ങളുടെയെല്ലാം സത്താപരമായ ആസ്പദവുമാണ് അത്. അത് സർവവ്യാപിയും അനന്തവുമാണ്. സർവപ്രപഞ്ചവും, ഈ ജഗത്തിലുള്ള എല്ലാ വസ്തുക്കളും ബ്രഹ്മംതന്നെയാണ് (ബ്രഹ്മൈവേദം വിശ്വം സമസ്തം ഇദം ജഗത്). നീ അതാകുന്നു (തത് ത്വം അസി).

നാമരൂപാത്മകമായ ദൃശ്യപ്രപഞ്ചം മിഥ്യയാണെന്നും ബ്രഹ്മം മാത്രമേ സത്യമായിട്ടുള്ളൂ എന്നുമാണ് ഒരിക്കൽ ശ്രീശങ്കരൻ പ്രസ്താവിക്കുന്നത്. മറ്റൊരിക്കൽ അദ്ദേഹം പറയുന്നു ഉള്ളതെല്ലാം ബ്രഹ്മമാണ് എന്ന്. ഈ രണ്ടു പ്രസ്താവനകളും തമ്മിൽ പൊരുത്തക്കേടില്ലേ? ഒരേ സമയത്തു രണ്ടും ശരിയാണെന്നു പറയുന്നതെങ്ങനെ?

ഇന്ത്യക്കാരും പാശ്ചാത്യരുമായ അനേകം വ്യാഖ്യാതാക്കന്മാർ ശ്രീശങ്കരന്റെ അദ്വൈതാത്മകമായ ഈ ഏകത്വവാദത്തെ എതിർക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ ഇന്ദ്രിയപ്രത്യക്ഷംകൊണ്ടു സിദ്ധവും അനുഭൂതിവിഷയവുമായ ലോകത്തിന്റെ യഥാർത്ഥമായ അവസ്ഥയെ പൂർണ്ണമായും നിരസിക്കുകയാണ്. ഭൂതം, ഭാവി, വർത്തമാനം എന്നീ മൂന്നു കാലങ്ങളിലും യഥാർത്ഥത്തിലുള്ളതായ അസ്തിത്വത്തെ അപ്പടി നിഷേധിക്കുകയാണ് ഏകത്വവാദം ചെയ്യുന്നത്. ശ്രീശങ്കരന്റെ മിഥ്യാവാദം ബുദ്ധമതത്തിൽനിന്ന് ഇറക്കുമതി ചെയ്യപ്പെട്ട ഒന്നാണ് എന്നുവരെ സമർത്ഥിക്കുന്നതിനും ചിലർ മുതിർന്നിട്ടുണ്ട്. ഉദാഹരണമായി വിജ്ഞാനഭിക്ഷു (16-ാം ശതകം) തന്റെ സംഖ്യസൂത്ര വ്യാഖ്യാനത്തിൽ താഴെപ്പറയുന്നവിധം അഭിപ്രായപ്പെട്ടിരിക്കുന്നു (2).

"നമ്മുടെ ബന്ധനം മിഥ്യയാണെന്നു പ്രഖ്യാപിക്കുന്ന ഒരു ബ്രഹ്മസൂത്രംപോലും ഇല്ല. വേദാന്തികളെന്നു സ്വയമുദ്ഘോഷിക്കുന്ന ഒരു കൂട്ടം ആൾക്കാർ പ്രതിജ്ഞചെയ്യുന്നതായ മായാവാദത്തെ സംബന്ധിച്ചാണെങ്കിൽ അത് വിജ്ഞാനവാദത്തിന്റെ (ബുദ്ധമതത്തിലെ) ഒരിനം മാത്രമാണ്. അതുകൊണ്ടാണ് അദ്വൈതവേദാന്തത്തിലെ തത്വങ്ങളെ വിമർശിക്കുന്ന ചില ഗ്രന്ഥകാരന്മാർ ശങ്കരനെ പ്രച്ഛന്നബുദ്ധനെന്നുവരെ വിളിക്കുവാനൊരുമ്പെട്ടത്."

ഇന്ദ്രിയങ്ങൾക്ക് അനുഭവഗോചരമായ ലോകം ഒരിക്കലും ഇല്ലാത്തതാണ്; വസ്തു പ്രേക്ഷകന്റെ മനസ്സിലുള്ള ഒരു ആശയം മാത്രമാണ്; ബാഹ്യവസ്തുക്കൾക്ക് യഥാർത്ഥസത്തയില്ലാത്തതുകൊണ്ട് ആന്തരികങ്ങളായ സംജ്ഞാനങ്ങൾ ആവിർഭവിക്കുന്നു; വിജ്ഞാനം സ്വവരത്തിലും ബാഹ്യവസ്തുക്കളെ ആശ്രയിക്കാത്തതുമാണ്; ആത്മനിഷ്ഠമായ സംജ്ഞാനമല്ലാതെ മറ്റൊന്നിനും സത്തയില്ല—ഇതെല്ലാമാണ് വിജ്ഞാനവാദികളായ ബൗദ്ധന്മാർ സിദ്ധാന്തിച്ചിട്ടുള്ളത്.

# ശ്രീശങ്കരൻ, ഹെഗൽ, മാർക്സ്

## 0.2

ഫ്രഞ്ചുവിപ്ലവം 1789-ൽ പൊട്ടിപ്പുറപ്പെട്ടപ്പോൾ ഹെഗലിന് പത്തൊമ്പതു വയസ്സ് മാത്രമേ പ്രായമായിരുന്നുള്ളൂ. വിപ്ലവത്തിന്റെ ആദർശങ്ങളാൽ അദ്ദേഹം അത്യധികം സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം റിപ്പബ്ലിക്കിനെ ഉത്സാഹപൂർവ്വം സ്വാഗതവും ചെയ്തു. ഫ്രഞ്ചുവിപ്ലവം അന്നാട്ടിലെ ജന്മികളുടെ മർദ്ദനഭരണം അവസാനിപ്പിച്ച് സാമ്പത്തികവും രാഷ്ട്രീയവുമായ ഒരു മുതലാളിത്ത വ്യവസ്ഥിതി പ്രതിഷ്ഠിക്കുകമാത്രമല്ല ലോകചരിത്രത്തിൽത്തന്നെ ഒരു നവയുഗത്തിന്റെ ആരംഭം കുറിക്കുകകൂടി ചെയ്തു. വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതിനു സഹായിച്ച സാമൂഹ്യ-രാഷ്ട്രീയ ചിന്തകന്മാർ, സാമൂഹ്യവ്യവസ്ഥിതിയിൽ മാറ്റമുണ്ടാകുന്നതിന് രാഷ്ട്രീയ വ്യവസ്ഥകൾക്കുമാത്രമല്ല, മതപരമായ വ്യവസ്ഥകൾക്കും വിശ്വാസങ്ങൾക്കും മാറ്റമാവശ്യമാണെന്നും, സാധാരണ ലോകത്തിന്റെ പുരോഗതി അതീന്ദ്രിയനായ ഒരു ഈശ്വരന്റെ ചാപല്യങ്ങളെയല്ല, മനുഷ്യന്റെ ഇച്ഛയെയും യുക്തിയെയുമാണ് ആശ്രയിക്കുന്നതെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. മനുഷ്യനെ പഴഞ്ചൻ ആശയങ്ങളിൽ നിന്നും, വിശ്വാസങ്ങളിൽ നിന്നും ഉദ്ധരിക്കുന്നതിനും പ്രാകൃതികവും സാമൂഹികവുമായ ശക്തികളെ ഇങ്ങോട്ടു കീഴടക്കുന്നതിന് അനുവദിക്കുന്നതിനു പകരം അങ്ങോട്ട് കീഴടക്കുവാൻ ശക്തനാകത്തക്കവണ്ണം അവന്റെ ജീവിതത്തെ പുനഃസംഘടിപ്പിക്കുന്നതിനും ഒരു വിപ്ലവം ആവശ്യമാണെന്നു കരുതപ്പെട്ടിരുന്നു. വിപ്ലവപരമായ സത്വരവ്യതിയാനങ്ങളുടെ പ്രാധാന്യത്തെ വിശദീകരിച്ചുകൊണ്ട് 1793-ൽ ഷെല്ലിങ്ങിനയച്ച കത്തിൽ ഹെഗൽ എഴുതുകയുണ്ടായി:

“ഭൂമിയിലെ മർദ്ദകപ്രമാണികളെയും ദേവന്മാരെയും വലയം ചെയ്തിരുന്ന പരിവേഷം അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. ദാർശനികന്മാർ മനുഷ്യന്റെ മാഹാത്മ്യത്തെ പ്രതിപാദിക്കുകയും മണ്ണിലിട്ടു ചവിട്ടിമെതിക്കപ്പെട്ട അവരുടെ അവകാശങ്ങളെ അവർ പിടിച്ചെടുത്ത് വീണ്ടും സ്വന്തമാക്കുമെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. മതവും രാഷ്ട്രീയവും അതേ കളിതന്നെയാണ് കളിച്ചത്. ഇവയിൽ ആദ്യത്തേത് സ്വേച്ഛാധിപത്യം ആവശ്യപ്പെട്ട രീതിയിൽ, മനുഷ്യത്വത്തെ വെറുക്കുവാനും, സ്വപ്രയത്നങ്ങളിലൂടെ നല്ലതു നേടി സ്വന്തം അന്തസ്സാരത്തെ സഫലമാക്കുവാൻ മനുഷ്യനു കഴിവില്ലെന്നു വിശ്വസിക്കുവാനും പഠിപ്പിച്ചു.”

സാധാരണമായ അനുഭവത്തിൽ അസ്തിത്വമുള്ളതെല്ലാം സത്യമായിക്കൊള്ളണമെന്നില്ല എന്നാണ് ഹെഗലിന്റെ വാദം. ഇന്ദ്രിയാനുഭവങ്ങളായ കാര്യങ്ങളും സത്യവും ഒന്നല്ല; സത്യമായി തോന്നുന്നതിനും അതിന്റെ ഉല്പന്നതയ്ക്കും തമ്മിൽ എപ്പോഴും വ്യത്യാസമുണ്ട്. യുക്തിസഹവും ആവശ്യമുള്ളതും മാത്രമാണ് സത്യമായത്. ആവശ്യകത നഷ്ടപ്പെടുമ്പോൾ ഏതും അസ്തിത്വത്തിന് അർഹമല്ലാതാകും തന്മൂലം സത്യമല്ലാതായും തീരുന്നു.

ഫ്രഞ്ചുവിപ്ലവത്തിന്റെ ആദർശങ്ങൾ ജർമ്മനിയിലെ ബുദ്ധിജീവികളിൽ വലിയ പ്രത്യാഘാതമുളവാക്കി. ഈ കാലഘട്ടത്തിലെ നവീനവാദികളായ ഇടത്തരക്കാരുടെ മുന്നണിവിഭാഗം ജർമ്മനിയിലും ‘ഫ്രഞ്ചുവിപ്ലവം’ സംഘടിപ്പിക്കുന്ന കാര്യം വ്യർത്ഥമായി നിരൂപിക്കുകയുണ്ടായി. പക്ഷേ, രാജ്യത്തിലെ സാമ്പത്തികവും രാഷ്ട്രീയവുമായ പിന്നോക്കനിലമൂലം അവരുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുവാൻ സാദ്ധ്യമായില്ല. പതിനെട്ടാം ശതകത്തിന്റെ അന്ത്യദശകങ്ങളിൽ ജർമ്മനിയിലെ ജനത വൈരുദ്ധ്യങ്ങൾ നിമിത്തം ഛിന്നഭിന്നമായിരുന്നു. മനുഷ്യനു സമത്വവും സ്വാതന്ത്ര്യവും നിഷേധിക്കുന്ന, ബുദ്ധിശൂന്യങ്ങളായ മത-സാമൂഹിക സ്ഥാപനങ്ങളടങ്ങിയ ചെറിയ മണ്ഡലങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ജർമ്മൻ സാമ്രാജ്യം ഒരു കേന്ദ്രീകൃതഭരണകൂടമായിരുന്നില്ല; നേരെമറിച്ച് സ്വേച്ഛാധിപതികളായ പ്രഭുക്കൾ വാഴുന്ന ഏകദേശം മുന്നൂറ് നാട്ടുകളുടെ ഒരു സമാഹാരമായിരുന്നു. ആ പരിതഃസ്ഥിതിയിൽ ഫ്രഞ്ചുവിപ്ലവത്തിന്റെ സാരാംശം ആ മണ്ണിൽ നടപ്പാക്കാൻ സാദ്ധ്യമായില്ല; ജർമ്മൻ ചിന്തകന്മാരുടെ കാൽപനികവും ആദർശാത്മകവുമായ തത്വചിന്തയുടെ ലോകത്തിൽ മാത്രമേ നടന്നതുള്ളൂ. ഈ ചിന്തകന്മാരിൽ മഹത്തമൻ ഹെഗലായിരുന്നു. അദ്ദേഹം അവരുടെ ഏറ്റവും വലിയ പ്രതിനിധിയായിരുന്നു. ഹെഗലിന്റെ ദർശനത്തിൽ സഹജമായിക്കാണുന്ന പൊരുത്തക്കേടുകൾക്ക് ഈ സാമൂഹിക ചാരിത്രികപശ്ചാത്തലം വിശദീകരണമാവുകയും ചെയ്തു. ഒരു വശത്ത് അത് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആദർശങ്ങളുടെ ഒരു യുഗം ആവിർഭവിക്കുന്നതിനിടയാക്കിയ സംഭവങ്ങളെയും മറ്റൊരുവശത്ത് ജർമ്മനിയിലെ ദുഷിച്ച സാമ്പത്തിക രാഷ്ട്രീയ പരിതഃസ്ഥിതികളെയും പ്രതിഫലിപ്പിക്കുന്നു.

ശ്രീശങ്കരനും ഹെഗലും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങൾക്ക് ഇതൊരു വിശദീകരണം നൽകുന്നുണ്ട്. തന്റെ സിദ്ധാന്തത്തെ പ്രതിഷ്ഠിക്കുന്നതിനും ഇതര സിദ്ധാന്തങ്ങളെ ഖണ്ഡിക്കുന്നതിനും ശ്രീശങ്കരൻ സയുക്തികങ്ങളായ അനേകം വാദങ്ങളെ പ്രയോജനപ്പെടുത്തുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രമാണം, വേദങ്ങൾ, ഉപനിഷത്തുകൾ ശ്രുതികൾ, സ്മൃതികൾ എന്നിവയായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അവയാണ് യഥാർത്ഥ ജ്ഞാനത്തിന്റെ ശ്രോതസ്സ്. തന്റെ ചിന്താപദ്ധതി ഈ പ്രാചീനഗ്രന്ഥങ്ങളെ ആധാരമാക്കിയാണ് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതെന്ന് അദ്ദേഹം അവകാശപ്പെട്ടിട്ടുണ്ട്; അവയിൽ നിന്നുള്ള ഏതു വ്യതിയാനത്തെയും ശക്തിയുക്തം എതിർത്തിട്ടുമുണ്ട്. നേരെമറിച്ച് ഹെഗലാകട്ടെ, എല്ലാം ചരിത്രപരമായി യുക്തിപൂർവ്വം അവലോകനം ചെയ്യപ്പെടേണ്ടവയാണെന്നുള്ള അഭിപ്രായക്കാരനാണ്. അദ്ദേഹം ഏറ്റെടുത്ത യുക്തിവാദത്തിന് പാരമ്പര്യത്തോടും ദൈവശാസ്ത്രത്തോടുമുള്ള ബന്ധത്തെ വിച്ഛേദിക്കുവാൻ സാധിച്ചിട്ടില്ലെന്നുള്ളത് സത്യം തന്നെ. പക്ഷേ, തന്റെ ആദ്യകാലങ്ങളിലെ മതതത്വശാസ്ത്രപരങ്ങളായ ലേഖനങ്ങളിലും അദ്ദേഹം യുക്തിയുടെ ഭാഗം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ‘വിശ്വാസപ്രമാണങ്ങൾ ദൈവികമായ വെളിപാടുകളിൽ അധിഷ്ഠിതങ്ങളാണെങ്കിൽപോലും സാമാന്യമായ മനുഷ്യയുക്തിയുടെ പ്രാമാണ്യം അവകാശപ്പെടുവാൻ പര്യാപ്തങ്ങളായിരിക്കണം; ഓരോ മനുഷ്യനും അവയുടെ അപരിഹാര്യസ്വഭാവം മനസ്സിലാക്കുവാൻ സാധ്യമാകണം’ എന്ന് അദ്ദേഹം എഴുതുകയുണ്ടായി.

ഫ്രഞ്ചുവിപ്ലവവുമായി ബന്ധപ്പെട്ട ദാർശനികന്മാർ മനുഷ്യന്റെ യുക്തിബോധത്തെയും അവകാശങ്ങളെയും ആദരിച്ചിരുന്നു. മനുഷ്യജീവിതത്തിന്റെയും സാമൂഹ്യവ്യവസ്ഥകളുടെയും വിവേകപൂർവ്വമായ പരിവർത്തനം സാധ്യമാണെന്നും ഫലപ്രദമാംവണ്ണം നടപ്പിലാക്കേണ്ടതാണെന്നും ഊന്നിപ്പറഞ്ഞു. പ്രകൃതിശക്തികളെ കീഴടക്കി, ഓരോ വ്യക്തിക്കും സ്വാതന്ത്ര്യം ആസ്വദിക്കുവാൻ കഴിയത്തക്കവണ്ണം യുക്തിസഹമായ അടിസ്ഥാനത്തിൽ സാമൂഹികജീവിതത്തെ സംഘടിപ്പിക്കുവാനുള്ള മനുഷ്യന്റെ കഴിവിൽ അവർ വിശ്വസിച്ചു. ‘സത്യമായതു ന്യായമാണ്. ന്യായമായതു സത്യമാണ്. അങ്ങനെ ന്യായവും സത്യവും ഒന്നുതന്നെ’ എന്ന ഹെഗലിന്റെ പ്രശസ്തവാക്യത്തിൽ പ്രസ്തുതമായ ആശയം പ്രകാശിതമായിരിക്കുന്നു.

സ്വാർത്ഥബുദ്ധിയാർന്ന സിവിൽ സമൂഹത്തിന്റെ മാത്സ്യര്യാത്മകങ്ങളായ വിപ്രതിപത്തികൾക്കുമീതെ ഉയരുവാൻ കഴിവുള്ള ഒരു സ്റ്റേറ്റിനു മാത്രമേ രാജ്യത്ത് ക്ഷേമം പ്രതിഷ്ഠിക്കുവാൻ ശക്തിയുണ്ടാവുകയുള്ളൂ എന്ന് അദ്ദേഹം വിശ്വസിച്ചു.

സാധാരണമായ അനുഭവത്തിൽ അസ്തിത്വമുള്ളതെല്ലാം സത്യമായിക്കൊള്ളണമെന്നില്ല എന്നാണ് ഹെഗലിന്റെ വാദം. ഇന്ദ്രിയാനുഭവങ്ങളായ കാര്യങ്ങളും സത്യവും ഒന്നല്ല; സത്യമായി തോന്നുന്നതിനും അതിന്റെ ഉല്പന്നതയ്ക്കും തമ്മിൽ എപ്പോഴും വ്യത്യാസമുണ്ട്. യുക്തിസഹവും ആവശ്യമുള്ളതും മാത്രമാണ് സത്യമായത്. ആവശ്യകത നഷ്ടപ്പെടുമ്പോൾ ഏതും അസ്തിത്വത്തിന് അർഹമല്ലാതാകും തന്മൂലം സത്യമല്ലാതായും തീരുന്നു. ഉടനെ അത് പുതിയതും കൂടുതൽ ജീവനക്ഷമവുമായ സത്യത്തിനു വഴിമാറിക്കൊടുക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി പതിനെട്ടാം ശതകത്തിന്റെ പൂർവ്വാർദ്ധാന്ത്യത്തോടുകൂടി ഫ്രാൻസിൽ രാജവാഴ്ച അനാവശ്യവും അസത്യവും അയുക്തികവും ആയിത്തീർന്നതിനാൽ അത് നശിപ്പിക്കപ്പെടുന്നതിന് യോഗ്യമായി. ഇവിടെ രാജവാഴ്ച സത്യമല്ലാതായും വിപ്ലവം സത്യമായും സംഭവിച്ചു. നിലവിലുള്ള സാമൂഹ്യവ്യവസ്ഥ ന്യായപ്രമാണങ്ങളോടും മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളോടും പൊരുത്തപ്പെട്ടിരുന്നില്ല എന്നതുകൊണ്ട് അത് അന്യായമായിരുന്നു; സത്യമല്ലായിരുന്നു. സത്യം ന്യായമല്ലാത്തതിനാൽ മാത്രമേ ന്യായത്തിനു സത്യത്തെ ആശ്രയിക്കുവാൻ പറ്റൂ. അന്നുണ്ടായിരുന്ന ഭരണകൂടവും സമൂഹവും സാമൂഹ്യവ്യവസ്ഥകളും വ്യവസ്ഥിതങ്ങളായ മതങ്ങളും, സത്യങ്ങളല്ലാതായിത്തീരുകയാൽ ന്യായയുക്തങ്ങളാക്കപ്പെടേണ്ട ഒരവസ്ഥയിലായിരുന്നു.

ഇപ്രകാരം ഹെഗലിന്റേത് ന്യായങ്ങളായ ആദർശങ്ങളെ ഉപന്യസിക്കുകയും വികസനപ്രക്രിയയിൽ അവയെ അതിലംഘിക്കുകയും ചെയ്തിരുന്ന പരിണാമിയായ ഒരു സത്യമായിരുന്നു. ന്യായമായ ആദർശം സത്യത്തിൽ നിന്നുതന്നെയാണു വളർന്നുവന്നത്. വികാസപ്രക്രിയയിൽ മുമ്പ് സത്യവും ആവശ്യവുമായിരുന്നവയെല്ലാം അവയുടെ ഉപപത്തി നഷ്ടപ്പെട്ടു. വസ്തുനിഷ്ഠമായ സത്യമായി പ്രത്യക്ഷപ്പെട്ടതെല്ലാം ശരിക്കും സത്യമായിരുന്നില്ല. അതൊരു തോന്നൽ മാത്രമായിരുന്നു. അതിനെ ന്യായമാക്കിയാൽ മാത്രമേ, അതായത് ന്യായപ്രമാണങ്ങളുമായി പൊരുത്തപ്പെടുന്ന രൂപത്തിലാക്കിയാൽ മാത്രമേ സത്യമാക്കാൻ പറ്റുകയുള്ളൂ. അങ്ങനെ നിലവിലുള്ള സാമൂഹ്യവ്യവസ്ഥയ്ക്ക് ന്യായപ്രമാണങ്ങളുമായി പൊരുത്തമില്ലായ്കയാൽ, ഒരു പരിവർത്തനം അത്യന്താപേക്ഷിതമായിരുന്നു.

പതിനെട്ടാം ശതകത്തിന്റെ അന്ത്യത്തിലും പത്തൊമ്പതാം ശതകത്തിന്റെ ആരംഭത്തിലും മനുഷ്യസമുദായം ക്ഷുബ്ധാവസ്ഥയിലും പരസ്പരവിരോധങ്ങളിലും വൈരുധ്യങ്ങളിലുമാണ് സ്ഥിതിചെയ്യുന്നതെന്നും ഓരോ വ്യക്തിയും സ്വന്തം താൽപര്യങ്ങളുടെ പിന്നാലെ പോകുന്നതു നിമിത്തം മറ്റുള്ളവരുമായി പിണങ്ങിക്കൊണ്ടാണിരിക്കുന്നതെന്നും ഹെഗലിനു മനസ്സിലായി. ഭരണകൂടത്തിന് ഈ രണ്ട് വിരുദ്ധതാൽപര്യങ്ങളെ പരസ്പരം ഇണക്കുവാൻ സാധിച്ചിരുന്നില്ല. സാമാന്യജനങ്ങളുടെ താൽപര്യങ്ങളെ പ്രതിനിധീകരിക്കുന്ന എന്ന പേരുംപറഞ്ഞ് അത് ജന്മികളുടെയും സ്ഥാനികളുടെയും വർഗ്ഗങ്ങളുടെയും താൽപര്യം പരിരക്ഷിക്കുന്ന ഒന്നായി മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. ഇപ്രകാരം ഭരണകൂടം സ്വാതന്ത്ര്യത്തിനും ന്യായത്തിനും പ്രതിബന്ധമായിത്തീർന്നു. വിരുദ്ധശക്തികളെ കൂട്ടിയിണക്കുന്നതും അഭിപ്രായവ്യത്യാസങ്ങളെ പറഞ്ഞുതീർക്കുന്നതുമായ യുക്തിബോധമുള്ള ഒരു സമൂഹത്തെ ഹെഗൽ വിഭാവനം ചെയ്തു. സ്വാർത്ഥബുദ്ധിയാർന്ന സിവിൽ സമൂഹത്തിന്റെ മാത്സ്യര്യാത്മകങ്ങളായ വിപ്രതിപത്തികൾക്കുമീതെ ഉയരുവാൻ കഴിവുള്ള ഒരു സ്റ്റേറ്റിനു മാത്രമേ രാജ്യത്ത് ക്ഷേമം പ്രതിഷ്ഠിക്കുവാൻ ശക്തിയുണ്ടാവുകയുള്ളൂ എന്ന് അദ്ദേഹം വിശ്വസിച്ചു. 1796-ൽ അദ്ദേഹമെഴുതി: “ഓരോരോ സ്റ്റേറ്റും സ്വതന്ത്രരായ മനുഷ്യരെ യന്ത്രത്തിലെ കുറ്റികളെപ്പോലെ കരുതുവാൻ നിർബ്ബന്ധമാണ്. എന്നാൽ അതൊന്നുമാത്രമാണ് ചെയ്യാൻ പാടില്ലാത്തതും, ആകയാൽ സ്റ്റേറ്റ് നശിക്കുകതന്നെ വേണം” എന്ന്. മനുഷ്യന്റെ ജന്മാവകാശങ്ങളോടും അടിസ്ഥാനാവശ്യങ്ങളോടും കഴിവുകളോടും പൊരുത്തമില്ലാത്തതും അവന്റെ സ്വതന്ത്രമായ വളർച്ചയെ തടസ്സപ്പെടുത്തുന്നതുമായ ജീർണ്ണിച്ച സ്ഥാപനങ്ങളേയും വ്യവസ്ഥകളേയും നീക്കിമാറ്റേണ്ടതാണെന്ന് ഫ്രഞ്ചുവിപ്ലവം ഹെഗലിനെ ബോദ്ധ്യപ്പെടുത്തി. 1798-ൽ അദ്ദേഹം എഴുതി:

“ജനങ്ങളുടെ ആചാരങ്ങളോടും ആവശ്യങ്ങളോടും ആശയങ്ങളോടും ഇനിയൊരിക്കലും പൊരുത്തപ്പെടാത്തവയും നഷ്ടവീര്യങ്ങളുമായ വ്യവസ്ഥകളും ഭരണഘടനകളും നിയമങ്ങളും സജീവങ്ങളാണെന്നും, ബുദ്ധിക്കും അനുഭവത്തിനും ഇനിമേൽ പൊരുത്തപ്പെടാത്ത ഭരണരീതികൾ ഒരു ജനതയെ ഏകോപിപ്പിച്ചു നിർത്തുന്നതിന് പര്യാപ്തമാണെന്നും വിശ്വസിക്കുന്നവർ എത്ര അന്ധന്മാരാണ്!”

“മനുഷ്യന്റെ ജീവിതത്തിൽ നിന്ന് ഏകോപനശക്തി അപ്രത്യക്ഷമാകുമ്പോഴും, പൊരുത്തക്കേടുകൾ സജീവമായ പരസ്പരബന്ധവും പരസ്പരാശ്രയവും ഉപേക്ഷിച്ച് സ്വതന്ത്രരൂപമെടുക്കുമ്പോഴും ദർശനത്തിന്റെ ആവശ്യകത നേരിടുന്നു”

കുട്ടിക്കാലത്ത് മതപാരമ്പര്യത്തിനനുസരിച്ചായിരുന്നു ഹെഗലിന്റെ വിദ്യാഭ്യാസം. അവസാനനാളുകൾവരെ മതത്തെ ശാസ്ത്രത്തോടും ദർശനത്തോടും പൊരുത്തപ്പെടുന്നതിനുള്ള പ്രയത്നത്തിൽ അദ്ദേഹം നിർബന്ധം കാണിച്ചിരുന്നു. എങ്കിലും മതപരമായും രാഷ്ട്രീയമായും ആദ്യകാലത്ത് എഴുതിയ ലേഖനങ്ങളിൽ മനുഷ്യന്റെ അസ്തിത്വത്തിലെ അനേകം പൊരുത്തക്കേടുകൾക്കു കാരണമായ സ്വാതന്ത്ര്യക്കുറവിനേയും ഐക്യഹാനിയേയും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പഴയ കാലത്തെ ജീവിതം സമരസമായിരുന്നു. പഴയ ഗ്രീക്കുജനതയിലെ ഓരോ വ്യക്തിയും രാഷ്ട്രീയ സംഘടനയ്ക്കകത്തു തന്റെ സമത്വം ദർശിച്ചിരുന്നു. എപ്പോൾ വ്യക്തിയും പൊതുതാൽപര്യങ്ങളും തമ്മിലുള്ള ഈ ഇണക്കം അപ്രത്യക്ഷമായോ അപ്പോൾ മനുഷ്യന്റെ അസ്തിത്വം പരസ്പരം ഇണങ്ങാത്ത വിപ്രതിപത്തികളാലും വൈരുദ്ധ്യങ്ങളാലും ബാധിതമായിത്തീർന്നു. ജീവിതം അപ്രീതികലുഷമായി. മനുഷ്യന്റെ വ്യക്തിജീവിതം അവന്റെ സാമൂഹികജീവിതത്തിൽ നിന്നും വേറിട്ടു; അവന്റെ മതപ്രവർത്തനങ്ങൾ സാധാരണജീവിതത്തിൽ നിന്നും അകന്നുവശായി. മനുഷ്യൻ പ്രകൃതിയിൽ നിന്നും അകന്നു; യാഥാർത്ഥ്യം അസ്തിത്വത്തിൽ നിന്നും ഈ പൊരുത്തക്കേടുകളെയെല്ലാം ചേർത്ത് മൊത്തത്തിൽ വിഷയവിഷയികൾ തമ്മിലുള്ള പൊരുത്തക്കേടായി ഹെഗൽ സാമാന്യവത്കരിച്ചു. വിഷയനിഷ്ഠമായ ലോകത്തിന്റെ അനിശ്ചിതത്വത്തിനും ഭൗതികമായ ആവശ്യകതയ്ക്കും എതിരായി വിഷയിയുടെ സ്വാതന്ത്ര്യം പ്രതിഷ്ഠിക്കപ്പെട്ടു. മനുഷ്യനും അവന്റെ സഹജമായ ശക്തികളും തമ്മിൽ പൊരുത്തം പുനഃസ്ഥാപിച്ച് സ്വാതന്ത്ര്യത്തിലും ഐക്യത്തിലും വന്ന നഷ്ടം നികത്തുവാൻ പരിശ്രമിച്ചതിന്റെ ഫലമായി ഹെഗൽ മതത്തിൽനിന്നും ദൈവശാസ്ത്രത്തിൽ നിന്നും ദർശനത്തിലേക്കു വഴിതിരിഞ്ഞു. “മനുഷ്യന്റെ ജീവിതത്തിൽ നിന്ന് ഏകോപനശക്തി അപ്രത്യക്ഷമാകുമ്പോഴും, പൊരുത്തക്കേടുകൾ സജീവമായ പരസ്പരബന്ധവും പരസ്പരാശ്രയവും ഉപേക്ഷിച്ച് സ്വതന്ത്രരൂപമെടുക്കുമ്പോഴും ദർശനത്തിന്റെ ആവശ്യകത നേരിടുന്നു” എന്ന് ഹെഗൽ മനസ്സിലാക്കി.

ഹെഗലിന്റെ അഭിപ്രായത്തിൽ ദർശനത്തിന്റെ മുഖ്യമായ വിഷയം സത്യത്തിന്റെ അതായത് കേവലയാഥാർത്ഥ്യത്തിന്റെ ശരിയായ ജ്ഞാനമാണ്. കേവലയാഥാർത്ഥ്യത്തിന്റെ സംഗ്രഹണത്തിനുള്ള ഉപകരണം ജ്ഞാനമത്രേ. ജ്ഞാനം എന്ന മാധ്യമത്തിലൂടെ നമുക്ക് സത്യത്തിന്റെ ഒരു ദർശനം ലഭിക്കുന്നു. ദർശനത്തിന്റെ ലക്ഷ്യം നമുക്കു വിപരീതമായി സ്ഥിതിചെയ്യുന്ന വസ്തുനിഷ്ഠമായ ലോകത്തെ നീക്കം ചെയ്യുക എന്നതാണ്; അതിൽ സ്വയം സുസ്ഥിതി കണ്ടുപിടിക്കുക എന്നതാണ്. അതിന്റെ അർത്ഥം വസ്തുനിഷ്ഠമായ ലോകത്തെ സങ്കൽപം വരെ അതായത് നമ്മുടെ ആന്തരതമമായ ആത്മാവുവരെ പിന്നിലേക്ക് ആരാഞ്ഞുപോവുക എന്നുള്ളതല്ലാതെ മറ്റൊന്നുമല്ല.

ചെറുപ്പത്തിൽ ഭരണാധികാരത്തെ ഉല്ലംഘിക്കുവാൻ ആഗ്രഹിച്ചവനും നിലവിലുള്ള ഭരണകൂടം നശിപ്പിക്കണമെന്ന് പ്രഖ്യാപിച്ചവനുമായ ആ ദാർശനികൻ പ്രഷ്യൻ ഭരണകൂടത്തെ ന്യായയുക്തതയുടെ മൂർത്തികരണമായി പ്രശംസിക്കുവാൻ തുടങ്ങി.

ജർമ്മനിയിൽ നിലവിലുണ്ടായിരുന്ന ജനാധിപത്യവിരുദ്ധവും സ്വേച്ഛാധിപത്യപരവുമായ രാഷ്ട്രീയവ്യവസ്ഥയെ എതിർത്തു നിൽക്കുകയും ജർമ്മൻ രാഷ്ട്രീയത്തിന്റെ നവോത്ഥാനം ജന്മിത്വവ്യവസ്ഥയ്ക്കെതിരും ജനാധിപത്യപരവുമായ പരിഷ്കാരങ്ങൾ രാഷ്ട്രീയവ്യവസ്ഥയിൽ ഉണ്ടാക്കാവുന്ന സമൂലമായ പരിവർത്തനവുമായി ഗാഢബദ്ധമാണെന്നു വിശ്വസിക്കുകയും ചെയ്തിരുന്ന ആ കാലഘട്ടങ്ങളിലാണ് ഹെഗൽ തന്റെ ഏറ്റവും പ്രധാനമായ ‘ഫിനോമിനോളജി ഓഫ് മൈൻഡ്’ എന്നും (1807), ‘സയൻസ് ഓഫ് ലോജിക്’ എന്നും (1812–13) ഉള്ള ദാർശനിക ഗ്രന്ഥങ്ങൾ രചിച്ചത്. ഈ പുരോഗമനാത്മകമായ വീക്ഷണം അദ്ദേഹത്തിന്റെ കൃതികളിൽ പ്രതിഫലിച്ചു എന്നത് സ്വാഭാവികം തന്നെ ആയിരുന്നു. ഉദാഹരണമായി ‘ഫിനോമിനോളജി ഓഫ് മൈൻഡ്’ എന്നതിന്റെ മുഖവുരയിൽ അദ്ദേഹം ഇപ്രകാരം പ്രതിപാദിക്കുകയുണ്ടായി:

“നമ്മുടെ കാലഘട്ടം പുതിയതായി ഉദയംകൊള്ളുന്ന ഒന്നാണ്; ഇത് പരിവർത്തനത്തിന്റെ ഘട്ടമാണ്. നാളിതുവരെ നിലനിന്നുകൊണ്ടിരിക്കുന്ന പഴയ വ്യവസ്ഥയാലും പഴയമട്ടിലുള്ള ചിന്താഗതിയാലും മനുഷ്യചേതന തകർന്നുകഴിഞ്ഞിരിക്കുന്നു. അവയെ എല്ലാംതന്നെ ഭൂതകാലത്തിന്റെ ഗർത്തത്തിലേയ്ക്ക് ആണ്ടുപോകുവാൻ അനുവദിക്കുന്നതിനും, ഒരു പരിഷ്കരണത്തിന് തുടക്കമിടുന്നതിനും ആലോചിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യചേതന ഒരിക്കലും വിശ്രമിക്കുന്നില്ല; അത് പുരോഗതിയുടെ പ്രവാഹത്തിൽ മുന്നോട്ടു നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.”

നെപ്പോളിയന്റെ പരാജയത്തോടും ജർമ്മനിയിൽ ജന്മിസമ്പ്രദായത്തിന്റെ പുനരുദ്ധാരണത്തോടും ഉണ്ടായ സാമാന്യ പ്രതികരണം ഹെഗലിന്റെ ദാർശനിക ചിന്തകളുടെ പരിണാമ പ്രക്രിയയെയും ബാധിക്കാതിരുന്നില്ല. അദ്ദേഹത്തിന്റെ യൗവനസഹജമായ വീര്യവും യാഥാർത്ഥ്യത്തോടുള്ള വിപ്ലവപരമായ സമീപനവും അനുക്രമം വ്യത്യാസപ്പെട്ടുവന്നു. ബർലിൻ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായി, പ്രഷ്യയിലെ ഔദ്യോഗിക ദാർശനികനായി അംഗീകരിക്കപ്പെട്ടതോടുകൂടി ഈ വ്യത്യാസം വിശേഷിച്ചും തെളിഞ്ഞു. അദ്ദേഹം നിലവിലുള്ള സാമൂഹ്യവ്യവസ്ഥയെ അന്നത്തെ നീതിക്കനുസൃതമാണെന്ന് അംഗീകരിക്കുവാനും അതിൽ തൃപ്തനാകുവാനുമുള്ള ഒരു പ്രവണത പ്രദർശിപ്പിച്ചു. തന്റെ ആദ്യകാലാശയങ്ങളുമായി കൂടുതൽ കൂടുതൽ നിരക്കാത്ത വാദഗതികൾ അദ്ദേഹം പ്രകടമാക്കിത്തുടങ്ങി. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പ്രഷ്യയിലെ ഏകാധിപത്യം ന്യായം പുലരുന്ന സ്റ്റേറ്റിന്റെ ഒരു യഥാർത്ഥമാതൃകയായും ലോകചൈതന്യത്തിന്റെ മൂർത്തീകരണമായും തോന്നി. ചെറുപ്പത്തിൽ ഭരണാധികാരത്തെ ഉല്ലംഘിക്കുവാൻ ആഗ്രഹിച്ചവനും നിലവിലുള്ള ഭരണകൂടം നശിപ്പിക്കണമെന്ന് പ്രഖ്യാപിച്ചവനുമായ ആ ദാർശനികൻ പ്രഷ്യൻ ഭരണകൂടത്തെ ന്യായയുക്തതയുടെ മൂർത്തികരണമായി പ്രശംസിക്കുവാൻ തുടങ്ങി. അദ്ദേഹം സ്റ്റേറ്റിനെ അവികലമായ ഒരു വ്യവസ്ഥയായി പരിഗണിക്കുകയും ബോധിച്ചതുപോലുള്ള ഒരു മേൽക്കോയ്മയെ അന്ധമായി അനുസരിക്കുന്നതിലാണ് സ്വാതന്ത്ര്യം സ്ഥിതി ചെയ്യുന്നതെന്ന വാദിക്കുകയും ചെയ്തു. ഇപ്പോൾ അദ്ദേഹം ഏകാധിപത്യത്തിന്റെ പക്ഷത്തു നിന്ന ബഹുജനങ്ങളെ ഒരു “അരൂപമായ പിണ്ഡം” ആയി ചിത്രീകരിക്കുകയും ജനായത്തഭരണത്തോട് എതിർപ്പ പ്രകടിപ്പിക്കുകയും ചെയ്തു. “ഫിലോസഫി ഓഫ് ലോ” എന്ന 1821-ൽ പ്രസിദ്ധീകൃതമായ തന്റെ കൃതിയിൽ അദ്ദേഹം എഴുതി:

“ജനങ്ങൾ ഈയിടെയായി ജനായത്ത ഭരണം എന്നു പറയുവാൻ തുടങ്ങിയതിന്റെ സാമാന്യമായ അർത്ഥം ഏകാധിപത്യം നിക്ഷിപ്തമായിരിക്കുന്ന രാജ്യാധികാരത്തെ എതിർക്കുക എന്നുള്ളതാണ്. ‘ബഹുജനം’ എന്ന ഉന്മത്തമായ ഒരാശയത്തിന്റെ അടിസ്ഥാനത്തിൽ വളർന്നുവന്നിട്ടുള്ള സങ്കീർണ്ണസങ്കൽപങ്ങളിലൊന്നാണ് ജനായത്തഭരണം എന്ന വരത്തക്കവണ്ണമാണ് ആ എതിർപ്പ്. ഭരണാധികാരിയെയും ഭരണകൂടത്തിന്റെ അപരിഹാര്യവും പ്രത്യക്ഷത്തിലുള്ളതുമായ സകല ബന്ധങ്ങളെയും മാറ്റിനിർത്തിയാൽ ജനങ്ങൾ എന്നത് അരൂപമായ ഒരു പിണ്ഡം മാത്രമാണ്; ഒരിക്കലും ഒരു സ്റ്റേറ്റ് ആകുന്നില്ല.”

ഒരു പ്രത്യേകവ്യക്തിയുടെ ആവേഗാഭിലാഷാഭിനിവേശങ്ങൾക്ക് ഒരു കടിഞ്ഞാണിടുന്നത്. അതായത് വ്യാമോഹങ്ങൾക്കും സ്വേച്ഛകൾക്കും അതിരു കൽപിക്കുന്നത് സ്വാതന്ത്ര്യത്തെ ചങ്ങലയ്ക്കിടലായി വിചാരിക്കുന്നതിന് സംഗതിയാകുന്നു. നേരെ മറിച്ച് അത്തരം അതിരുകളെ സ്വാതന്ത്ര്യത്തിന്റെ അപരിഹാര്യമായ ഒരു വ്യവസ്ഥയായിട്ടാണു കരുതേണ്ടത്.

ഒരുവശത്തു അധീശത്വവും മറുവശത്ത് അധീനത്വവും ചേർന്നാണ് രാജ്യമാവിർഭവിച്ചിട്ടുള്ളത്. ആദ്യകാല അനാഗരികരാജ്യങ്ങളുടെ വിഷയത്തിലും ഇതുതന്നെയായിരുന്ന അവസ്ഥ. വ്യക്തിയുടെ തീരുമാനത്തിനു വില കൽപിക്കപ്പെട്ടിരുന്നില്ല. രാഷ്ട്രീയമായ ഐക്യത്തിന്റെ മർമ്മപ്രധാനഭാഗമായ പൊതുതീരുമാനത്തിനു മുമ്പിൽ വ്യക്തിയുടെ തീരുമാനം ബലികഴിക്കപ്പെടുന്നു. “സാമാന്യ വിശേഷങ്ങളുടെ ഈ ഐക്യം എന്ന തത്വമാണ് സ്റ്റേറ്റ് ആയി സ്വയം പ്രകാശിതമാകുന്നത്.” രാജ്യം അതിനകത്തുതന്നെ വികാസത്തിനു വിധേയമാവുകയും, ഈ വികാസപ്രക്രിയയിൽ പലരൂപങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നു. “അവ ആരംഭിക്കുന്നത് പൈതൃകമോ സൈനികമോ ആയ പ്രഭവത്തോടുകൂടിയ രാജകീയഭരണത്തിൽ നിന്നാണ്. അടുത്ത ഘട്ടത്തിൽ പ്രത്യേകത്വവും വ്യക്തിത്വവും പ്രഭുവാഴ്ചയുടെയും ജനാധിപത്യത്തിന്റെയും രൂപത്തിൽ സ്വയം അധികാരം ഉറപ്പിക്കുന്നു. ഒടുവിൽ ഈ വിഭിന്ന താൽപര്യങ്ങളെല്ലാം ഒരേ ശക്തിക്കു കീഴ്വഴങ്ങുന്നു. ആ ശക്തി ഏകാധിപത്യാത്മകമല്ലാതെ മറ്റൊന്നുമല്ല.” (ഫിലോസഫി ഓഫ് ഹിസ്റ്ററി).

ഹെഗൽ എഴുതുകയുണ്ടായി: “സത്ത് എന്ന ആശയം മനുഷ്യന്റെ ഇച്ഛയുടെയും ഇച്ഛാസ്വാതന്ത്ര്യത്തിന്റെയും രൂപത്തിൽ സാക്ഷാത്കരിക്കപ്പെടുന്നതാണ് സ്റ്റേറ്റ്” എന്ന്. സ്വാതന്ത്ര്യത്തിന്റെ സാക്ഷാത്കരണമാണ് സ്റ്റേറ്റ് എന്ന് പറയുമ്പോൾ ജനങ്ങൾ സ്വതന്ത്രരാണെന്ന് അർത്ഥമില്ല. യഥാർത്ഥസ്വാതന്ത്ര്യം സ്വാതന്ത്ര്യത്തിന്റെ സീമിതത്വമാണ്. “പ്രധാനമായ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്നു പൃഥക്കൃതവും ഔപചാരികവും ആത്മനിഷ്ഠവുമായ അർത്ഥത്തിൽ മാത്രം സ്വാതന്ത്ര്യം എന്ന പദത്തെ സ്വീകരിക്കുന്നതുകൊണ്ടാണ് അതിനെക്കുറിച്ച നിരന്തരം ആവർത്തിക്കപ്പെടുന്ന തെറ്റിദ്ധാരണയുണ്ടാകുന്നത്. തന്മൂലം ഒരു പ്രത്യേകവ്യക്തിയുടെ ആവേഗാഭിലാഷാഭിനിവേശങ്ങൾക്ക് ഒരു കടിഞ്ഞാണിടുന്നത്. അതായത് വ്യാമോഹങ്ങൾക്കും സ്വേച്ഛകൾക്കും അതിരു കൽപിക്കുന്നത് സ്വാതന്ത്ര്യത്തെ ചങ്ങലയ്ക്കിടലായി വിചാരിക്കുന്നതിന് സംഗതിയാകുന്നു. നേരെ മറിച്ച് അത്തരം അതിരുകളെ സ്വാതന്ത്ര്യത്തിന്റെ അപരിഹാര്യമായ ഒരു വ്യവസ്ഥയായിട്ടാണു കരുതേണ്ടത്. സമുദായത്തിന്റെയും രാജ്യത്തിന്റെയും വ്യവസ്ഥകൾക്കകത്തുതന്നെയാണ് സ്വാതന്ത്ര്യം സാക്ഷാത്കരിക്കപ്പെടുന്നത്” എന്നു ഹെഗൽ പ്രസ്താവിക്കുന്നു. (ഫിലോസഫി ഓഫ് ഹിസ്റ്ററി).

“രാജ്യഭരണകാര്യത്തിൽ എല്ലാവരും പങ്കുചേരണം എന്ന ആശയം” “അപഹാസ്യമായ ഒരു സങ്കൽപ”മെന്നു കരുതി ഹെഗൽ എതിർത്തു. അദ്ദേഹം പറയുന്നു:

എല്ലാ വ്യക്തികളും രാജ്യത്തിലെ അംഗങ്ങളാണെന്ന കാരണത്താൽ എല്ലാവരെയും ബാധിക്കുന്ന രാഷ്ട്രീയ കാര്യങ്ങൾ നിരൂപിക്കുന്നതിലും തീരുമാനമെടുക്കുന്നതിലും ഓരോ വ്യക്തിയും പങ്കുവഹിക്കണമെന്നും അതിന്റെ താൽപര്യം എല്ലാവരുടെയും താൽപര്യമാണെന്നും ചെയ്യുന്നതെന്തും, തങ്ങളുടെ അറിവോടും ഇച്ഛയോടുംകൂടിയായിരിക്കണമെന്നുള്ളത് തങ്ങളുടെ അവകാശമാണെന്നും വാദിക്കുന്നത് നിശ്ചിതരൂപമില്ലാത്ത ജനാധിപത്യതത്വത്തെ സ്റ്റേറ്റ് എന്ന സജീവഘടകമായി കരുതുന്നതിനു തുല്യമാണ്; അത്തരമൊരു രൂപമുണ്ടാകുന്നതുകൊണ്ടുതന്നെയാണ് സ്റ്റേറ്റ് ഒരു സജീവഘടകമായിത്തീരുന്നത്. എങ്കിലും “സ്റ്റേറ്റിലെ അംഗമാണ്” താൻ എന്ന ആവശ്യത്തിൽനിന്നുദിച്ച രൂപംകൊണ്ടതാണ് ഓരോ വ്യക്തിയും തീരുമാനങ്ങളിൽ പങ്കുകൊള്ളണമെന്ന ആശയം. അത് ന്യായമല്ല, കാരണം “ആശയത്തിന്റെ ബോധം സമൂർത്തവും ശരിയായ പ്രയോഗികബുദ്ധിയുമായി അത്രത്തോളം യോജിക്കുന്നതുമാണ്” എന്നതുതന്നെ.

നിലവിലുള്ള വ്യവസ്ഥകളെ ന്യായമാക്കാനുള്ള ഈ പ്രയത്നം അദ്ദേഹത്തിന്റെ ആദ്യത്തെ ഉപദേശങ്ങൾക്കു കടകവിരുദ്ധമായി നിൽക്കുന്നു. തന്മൂലം ചെറുപ്പക്കാരും ന്യായവാദികളുമായ ശിഷ്യന്മാർ ഈ പുതിയ അഭിപ്രായങ്ങളെ നിരസിക്കുകയാണു ചെയ്തത്.

# ശ്രീശങ്കരൻ, ഹെഗൽ, മാർക്സ്

## ൦.8

ശ്രീശങ്കരന്റെ സിദ്ധാന്തത്തിൽ ബ്രഹ്മം അതായത് കേവലസംശുദ്ധബോധം മാത്രമാണ് പരമസത്യം. അത് എല്ലാ വികാസപരിണാമങ്ങൾക്കുമപ്പുറത്തു സ്ഥിതി ചെയ്യുന്നു. ജീവാത്മാവ് ബ്രഹ്മഭിന്നമല്ല.

ഹെഗലും തന്റെ സിദ്ധാന്തം ആരംഭിക്കുന്നത് അനന്തവും സംശുദ്ധവുമായ ബോധത്തിൽനിന്നു തന്നെയാണ്. "സ്വയംചിന്താവിഷയമായിട്ടുള്ള ചിന്തയാണ് അത്." എന്നാൽ അതു സ്വയം അറിയുന്നതിനുവേണ്ടി, വിഷയവത്കരണ പ്രക്രിയയിലൂടെ ശാന്ത പ്രപഞ്ചമായി വെളിപ്പെടുന്നു.

ആശയത്തെ നിഷേധിച്ചുകൊണ്ടാണ് മനുഷ്യൻ ആവിർഭവിച്ചതെന്നു ഹെഗൽ പറയുമ്പോൾ മാർക്സ് പറയുന്നു മനുഷ്യൻ പ്രകൃതിയുടെ ഒരു ഉത്പന്നമാണ് എന്ന്.

ഇപ്രകാരം ശ്രീശങ്കരനും ഹെഗലും മനുഷ്യനും സമൂഹത്തിനും പുറമെ സ്ഥിതിചെയ്യുന്ന ബോധം എന്ന തത്വത്തെ സങ്കൽപിക്കുന്നുണ്ട്. നേരെമറിച്ച് മാർക്സിന്റെ വീക്ഷണത്തിൽ ബോധത്തിന് സമൂഹജീവിയായ മനുഷ്യന്റെ ബോധമായി മാത്രമേ നിലനിൽപ്പുള്ളൂ. മനുഷ്യനിൽ നിന്നു വേറിട്ടു നിന്നുകൊണ്ട് അതിനു വേറെ പ്രവർത്തനമില്ല.

ശങ്കരാദ്വൈതത്തിൽ പാരമാർത്ഥികസത്യത്തിന്റെ നിലയിൽനിന്നു നോക്കുമ്പോൾ സ്വതന്ത്രമായ അസ്തിത്വമില്ലാത്ത ഒരു മിഥ്യാഭാവം മാത്രമാണ് മനുഷ്യൻ. പരിച്ഛിന്നനായ ജീവാത്മാവ് അപരിച്ഛിന്നനായ പരമാത്മാവിൽ നിന്നു ഭിന്നനല്ല.

ഹെഗലിന്റെ അഭിപ്രായത്തിൽ വിഘടനത വിപരീത പ്രക്രിയയിൽ സ്ഥിതി ചെയ്യുന്ന സത്വമാണ് മനുഷ്യൻ. മാർക്സിന്റെ അഭിപ്രായത്തിലാകട്ടെ മനുഷ്യനിൽ നിന്നുപരിയായി, മനുഷ്യനുമപ്പുറത്തായി ഒന്നുമില്ലതന്നെ. ആശയത്തെ നിഷേധിച്ചുകൊണ്ടാണ് മനുഷ്യൻ ആവിർഭവിച്ചതെന്നു ഹെഗൽ പറയുമ്പോൾ മാർക്സ് പറയുന്നു മനുഷ്യൻ പ്രകൃതിയുടെ ഒരു ഉത്പന്നമാണ് എന്ന്.

ശ്രീശങ്കരന്റെ ബ്രഹ്മം നിർഗുണവും നിഷ്ക്രിയവുമാണ്. ഹെഗലിന്റെ പരമതത്വമാകട്ടെ സക്രിയമാണ്. അമൂർത്തമായിട്ടാണെങ്കിലും ശുദ്ധമാർത്ഥതത്വപരമായിട്ടാണെങ്കിലും ഹെഗൽ മനുഷ്യന്റെ ഐന്ദ്രിയ പ്രവർത്തനത്തെ അംഗീകരിക്കുന്നുണ്ട്. മനുഷ്യൻ സ്വന്തംപ്രവർത്തനത്തിലൂടെ സ്വയം സൃഷ്ടിക്കപ്പെടുന്നതായിട്ടാണ് മാർക്സ് വിശ്വസിക്കുന്നത്.

പരിണാമ പ്രക്രിയയിലെ മുഖ്യനടൻ ഹെഗലിനെ സംബന്ധിച്ചിടത്തോളം 'കേവലാശയം' ആണ്; മാർക്സിനെ സംബന്ധിച്ചിടത്തോളം മനുഷ്യനും.

പ്രാപഞ്ചികനും പരിച്ഛിന്നനും ആയ ജീവൻ അപരിച്ഛിന്നവും അനന്തരവുമായ പരബ്രഹ്മമാണെന്നു സ്വയം അറിയുക എന്നതാണ് ശങ്കരന്റെ പ്രമേയം.

വിഷയി, ശക്യതയുടെ ഇരുളിൽനിന്ന് യഥാർത്ഥ്യത്തിന്റെ വെളിച്ചത്തിലേക്കു സ്വയം പരിവർത്തിതമാകുന്നതിനെക്കുറിച്ചാണ് ഹെഗൽ പ്രതിപാദിക്കുന്നത്. സത്വം തന്നോടൊത്തു തന്നെത്തന്നെ ദർശിക്കുക എന്നുള്ള കേവലജ്ഞാനമാണ് അദ്ദേഹത്തിന്റെ പ്രമേയം.

ശ്രീശങ്കരനും ഹെഗലും സ്വാതന്ത്ര്യത്തെയും ആത്മസാക്ഷാത്കാരത്തെയും കുറിച്ചുള്ള അവരുടെ സങ്കല്പങ്ങളെ അതീന്ദ്രിയവും കേവലവുമായ ബോധത്തിന്റെ ആധാരത്തിലാണു പണിതെടുത്തിട്ടുള്ളത്. മാർക്സിന്റെ ആധാരമാകട്ടെ മനുഷ്യൻതന്നെയാണ്.

പ്രാകൃതിക മനുഷ്യൻ തന്റെ വൈഭവങ്ങളെ വികസിപ്പിച്ച് ഒരു സമ്പൂർണ്ണമാനുഷിക മനുഷ്യനായിത്തീരുവാൻ എങ്ങനെ ശക്തനാകും, ഇപ്പോൾ എത്തിയിട്ടില്ലാത്ത അവസ്ഥയിൽ നിന്ന് എത്തേണ്ടുന്ന അവസ്ഥയിലേക്ക് എങ്ങനെ എത്തുവാൻ ശക്തനാകും എന്നുള്ളതാണ് മാർക്സിന്റെ പ്രതിപാദ്യവിഷയം.

ശ്രീശങ്കരനും ഹെഗലും സ്വാതന്ത്ര്യത്തെയും ആത്മസാക്ഷാത്കാരത്തെയും കുറിച്ചുള്ള അവരുടെ സങ്കല്പങ്ങളെ അതീന്ദ്രിയവും കേവലവുമായ ബോധത്തിന്റെ ആധാരത്തിലാണു പണിതെടുത്തിട്ടുള്ളത്. മാർക്സിന്റെ ആധാരമാകട്ടെ മനുഷ്യൻതന്നെയാണ്.

ശ്രീശങ്കരന് സ്വാതന്ത്ര്യമെന്നത് അകാരനിഷ്ഠമായ ഒരു മൂല്യമാണ്; യഥാർത്ഥമായിക്കാണുന്ന ഈ പ്രപഞ്ചത്തെ അതേപടി ഉപേക്ഷിച്ചുകൊണ്ട് സഹജ്ഞാനത്തിലൂടെ ജീവാത്മാവിനെ മോചിപ്പിക്കുന്നതിനുള്ള ആത്മനിഷ്ഠാപ്രേരണയാൽ പ്രവർത്തിപ്പിക്കപ്പെടുന്ന ഒന്നാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മൂലാവിദ്യയെ തരണം ചെയ്യുന്നതിനും ജീവൻ അപരിച്ഛിന്നമായ പരബ്രഹ്മത്തിൽ നിന്നു വ്യത്യസ്തമല്ലെന്നുള്ള യാഥാർത്ഥ്യം അനുഭൂതിവിഷയമാക്കുന്നതിലുമാണ് സ്വാതന്ത്ര്യം സ്ഥിതി ചെയ്യുന്നത്. യഥാർത്ഥ ജ്ഞാനം മൂലം മായയുടെ മൂടുപടം പിച്ചിച്ചീന്തിക്കളയപ്പെടുമ്പോൾ മനുഷ്യന് അവന്റെ ശരിയായ സ്വരൂപം ബോധവിഷയമാവുകയും ബ്രഹ്മപ്രാപ്തിയുണ്ടാവുകയും ചെയ്യുന്നു.

ഹെഗലിന്റെ മതമനുസരിച്ച് "ലോകചരിത്രം സ്വാതന്ത്ര്യബോധത്തിലുള്ള പുരഃപ്രയാണമാണ്." മാർക്സിന്റെ പക്ഷത്തിൽ അത് സ്വാതന്ത്ര്യബോധമല്ല ശരിക്കും സ്വാതന്ത്ര്യം തന്നെയാണ്. ഹെഗലിന് മാനുഷികചരിത്രം മാനുഷികത്തിന്റെ അമൂർത്തമായ സത്വത്തിന്റെ ചരിത്രമാണ്—യഥാർത്ഥ മനുഷ്യന്റെ മുകളിലും അപ്പുറത്തുമായി സ്ഥിതി ചെയ്യുന്ന സത്വത്തിന്റെ ചരിത്രമാണ്. എന്നാൽ മാർക്സിനെ സംബന്ധിച്ചിടത്തോളം യഥാർത്ഥ മനുഷ്യനും അവന്റെ യഥാർത്ഥ സ്വാതന്ത്ര്യവുമാണ് മുഖ്യപ്രശ്നം. പ്രകൃതിയുടെയും സമൂഹത്തിന്റേയും പ്രതിബന്ധകാരികളായ ശക്തികളിൽനിന്നു മനുഷ്യനു ലഭിക്കേണ്ട മോചനമാണ്—സർവവിധത്തിലുള്ള ചൂഷണമർദ്ദനങ്ങളിൽ നിന്നുള്ള മോചനമാണ്—മനുഷ്യന്റെ അന്തർലീനവൈഭവങ്ങളുടെ സാകല്യേനയുള്ള നിർവിഘ്നവികാസമാണ് മാർക്സിന്റെ ലക്ഷ്യം. മനുഷ്യന്റെ ക്രിയാത്മകശേഷികളുടെ നിരന്തരമായ വികാസമാണ് സ്വാതന്ത്ര്യത്തിന്റെ കാതലായ അംശം.

സാമൂഹ്യപ്രതിബന്ധങ്ങൾക്കിടയിൽ മനുഷ്യന്റെ സഹജവൈഭവങ്ങൾ എങ്ങനെ വികാസം പ്രാപിക്കുന്നു എന്ന കാര്യത്തെക്കുറിച്ച് മാർക്സ് അവലോകനം ചെയ്യുകയുണ്ടായി. ഈ പ്രതിബന്ധങ്ങളെയും സീമകളെയും ഉല്ലംഘിക്കുന്നതിനുള്ള പ്രയത്നമാണ് സ്വാതന്ത്ര്യം. മാർക്സ് പ്രസ്താവിച്ചിട്ടുണ്ട്. "താൻ തന്നെ തന്റെ നിയാമകനല്ലെങ്കിൽ—തന്റെ അസ്തിത്വത്തിനു തന്നോടുതന്നെ കടപ്പെട്ടുകൊണ്ട് താൻ തന്നെ തന്റെ നിയാമകനല്ലെങ്കിൽ—ഒരുവനും സ്വയം സ്വതന്ത്രനായി കരുതുകയില്ല. മറ്റൊരുത്തന്റെ ഔദാര്യത്തെ ആശ്രയിച്ചുകഴിയുന്ന ഒരുത്തൻ അവനവനെ ആശ്രിതനായി മാത്രമേ ഗണിക്കുകയുള്ളൂ" എന്ന്.

പ്രകൃതിയുടെയും സമൂഹത്തിന്റേയും പ്രതിബന്ധകാരികളായ ശക്തികളിൽനിന്നു മനുഷ്യനു ലഭിക്കേണ്ട മോചനമാണ്—സർവവിധത്തിലുള്ള ചൂഷണമർദ്ദനങ്ങളിൽ നിന്നുള്ള മോചനമാണ്—മനുഷ്യന്റെ അന്തർലീനവൈഭവങ്ങളുടെ സാകല്യേനയുള്ള നിർവിഘ്നവികാസമാണ് മാർക്സിന്റെ ലക്ഷ്യം.

പ്രകൃതിയും സമൂഹവും അടിച്ചേൽപിച്ചിട്ടുള്ള സീമകളെ അതിലംഘിക്കുന്നതിനുവേണ്ടി തന്നിലുള്ള മനുഷ്യത്വം അവനെ ക്രിയാത്മക പ്രവർത്തനങ്ങൾക്കായി പ്രേരിപ്പിക്കുന്ന പരിസ്ഥിതിയിൽ മാത്രമേ അവൻ സ്വതന്ത്രനെന്നു കൽപിക്കുവാൻ നിർവ്വാഹമുള്ളൂ. ഈ അർത്ഥത്തിൽ ഒരു കാപ്പിറ്റലിസ്റ്റ് ചൂഷകൻ ഒരിക്കലും സ്വതന്ത്രനാണെന്നു പറഞ്ഞുകൂടാ; എന്തുകൊണ്ടെന്നാൽ അയാൾ അധികാരത്തിനും സമ്പത്തിനും വേണ്ടിയുള്ള അഭിലാഷങ്ങളുടെ അടിമയാണ്. മനുഷ്യൻ മനുഷ്യോചിതമല്ലാത്ത വികാരങ്ങൾക്കും ക്ഷുദ്രപ്രേരണകൾക്കും സ്വാർത്ഥത്തിനും തൃഷ്ണയ്ക്കും വശംവദനായിരിക്കുന്നിടത്തോളം കാലം അസ്വതന്ത്രനാണ്. മാനുഷികത്തിന്റെ ചക്രവാളങ്ങളെ വികസിപ്പിക്കുന്നതിനു സഹായകമായവിധം അയാളുടെ പ്രവർത്തനങ്ങളെ അയാളിൽ കുടികൊള്ളുന്ന മനുഷ്യത്വവും ക്രിയാത്മകത്വവും നിയന്ത്രിക്കുമ്പോൾ മാത്രമേ അയാൾ സ്വതന്ത്രനാവുകയുള്ളൂ. ഇതു സാദ്ധ്യമാകണമെങ്കിൽ അയാൾ ബഹുമുഖമായ മനുഷ്യവ്യക്തിയായി പ്രവർത്തിക്കുകതന്നെ വേണം. അങ്ങനെ സമൂഹത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം മനുഷ്യവ്യക്തിത്വത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരമായി പരിണമിച്ചിരിക്കുകയാണു ചെയ്യുന്നത്.

മാർക്സിന്റെ പക്ഷത്തിൽ മനുഷ്യന്റെ ആത്മസിദ്ധി എന്നത് സമ്പൂർണ്ണ-സമഗ്ര-വിശ്വജനീന മനുഷ്യൻ എന്ന ആശയത്തിന്റെ സാക്ഷാത്കരമാണ്. ദൃശ്യപ്രപഞ്ചത്തിലെ യാഥാർത്ഥ്യങ്ങളുമായി ഒട്ടും ബന്ധപ്പെടാതെ അവനവനിലേക്കു തന്നെ വലിഞ്ഞ് ധ്യാനമഗ്നനായിരിക്കുന്നതുകൊണ്ട് അക്കാര്യം നടപ്പിലാക്കാൻ സാധ്യമല്ല. ചൂഷകത്വവും മാർദ്ദകത്വവും പുലരുന്ന വർഗ്ഗവിഭജനത്തോടുകൂടിയ സാമൂഹ്യവ്യവസ്ഥയെ തുത്തെറിഞ്ഞ് സ്വന്തം പരിസരത്തെ മനുഷ്യവത്കരിക്കുന്നതിനുള്ള സമരങ്ങളിലൂടെ മാത്രമേ മനുഷ്യൻ മനുഷ്യത്വമുള്ളവനായിത്തീരുന്നുള്ളൂ.

മാർക്സിന്റെ അഭിപ്രായത്തിൽ ബൂർഷ്വാഭരണഘടനകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സ്വാതന്ത്ര്യവും സമത്വവും കാപ്പിറ്റലിസ്റ്റ്—വൈപണിക സമ്പദ്വ്യവസ്ഥയുടെ പ്രകാശനമല്ലാതെ മറ്റൊന്നുമല്ല. കാപ്പിറ്റലിസത്തിൽ സ്വാതന്ത്ര്യം എന്ന സങ്കൽപത്തിന് സവിശേഷമായ ചില അർത്ഥങ്ങളാണുള്ളത്. വാങ്ങിക്കുവാനും വിൽക്കുവാനും സ്വത്ത് കൈവശം വയ്ക്കുവാനും അധ്വാനശേഷിയെ ലാഭമാക്കി മാറ്റുവാനുമുള്ള സ്വാതന്ത്ര്യം എന്നായിത്തീർന്നിരിക്കുന്നു അതിന്റെ അർത്ഥം. ബൂർഷ്വകളുടെ സ്വാതന്ത്ര്യസങ്കൽപത്തെ വിമർശിച്ചുകൊണ്ട് മാർക്സ് ഇപ്രകാരമെഴുതുകയുണ്ടായി:

മനുഷ്യൻ മനുഷ്യോചിതമല്ലാത്ത വികാരങ്ങൾക്കും ക്ഷുദ്രപ്രേരണകൾക്കും സ്വാർത്ഥത്തിനും തൃഷ്ണയ്ക്കും വശംവദനായിരിക്കുന്നിടത്തോളം കാലം അസ്വതന്ത്രനാണ്. മാനുഷികത്തിന്റെ ചക്രവാളങ്ങളെ വികസിപ്പിക്കുന്നതിനു സഹായകമായവിധം അയാളുടെ പ്രവർത്തനങ്ങളെ അയാളിൽ കുടികൊള്ളുന്ന മനുഷ്യത്വവും ക്രിയാത്മകത്വവും നിയന്ത്രിക്കുമ്പോൾ മാത്രമേ അയാൾ സ്വതന്ത്രനാവുകയുള്ളൂ.

അവിടെ മാത്രമാണ് സ്വാതന്ത്ര്യവും സമത്വവും സ്വത്തും ബെൻഥാമും ഭരിക്കുന്നത്! സ്വാതന്ത്ര്യം—എന്തുകൊണ്ടെന്നാൽ ഒരു ചരക്കിന്റെ (ഉദാഹരണമായി അദ്ധ്വാനശക്തിയുടെ) ക്രേതാവും വിക്രേതാവും സ്വേച്ഛയാൽ മാത്രമേ നിയന്ത്രിക്കപ്പെടുന്നുള്ളൂ. സ്വതന്ത്ര ഏജന്റുകളെപ്പോലെ അവർ ഇടപാടുകൾ നടത്തുന്നു. അവർ തമ്മിലുണ്ടാകുന്ന കരാർ അവരുടെ പൊതു ആഗ്രഹത്തിന് നിയമദ്യോതകമായ ഒരു രൂപം കൊടുക്കൽ മാത്രമാണ്. സമത്വം—എന്തുകൊണ്ടെന്നാൽ ചരക്കുകളുടെ ഉടമകളെന്ന കണക്കിൽ ഓരോരുത്തരും മറ്റുള്ളവരുമായി ബന്ധപ്പെടുകയും തുല്യത്തിനു തുല്യം കൈമാറ്റം നടത്തുകയും ചെയ്യുന്നു. സ്വത്ത്—എന്തുകൊണ്ടെന്നാൽ ഓരോരുത്തരും അവനവന്റെ ഉടമസ്ഥതയിലുള്ളതു മാത്രമേ വിപണനം ചെയ്യുന്നുള്ളൂ. ബെൻഥാം—എന്തുകൊണ്ടെന്നാൽ ഓരോരുത്തനും അവനവന്റെ കാര്യത്തിൽ മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. അവരെ അടുപ്പിക്കുന്നതിലും പരസ്പരം ബന്ധപ്പെടുത്തുന്നതിലും പ്രവർത്തിക്കുന്ന ഒരേ ഒരു ശക്തി സ്വാർത്ഥം, ലാഭേച്ഛ, വ്യക്തിതാൽപര്യം എന്നിവയുടെ സമുദായമാണ്. ഓരോരുത്തനും തന്നിൽ മാത്രമേ നോട്ടമുള്ളൂ. ആരും മറ്റുള്ളവരെക്കുറിച്ചു വേവലാതിപ്പെടുന്നില്ല. അപ്രകാരം ചെയ്യുന്നതുകൊണ്ടുമാത്രം അവർ പരസ്പരഗുണത്തിനുവേണ്ടി, എല്ലാവരുടെയും ക്ഷേമത്തിനുവേണ്ടി, എല്ലാവരുടെയും താൽപര്യങ്ങൾക്കുവേണ്ടി, പൂർവ്വപ്രതിഷ്ഠിതമായ പൊരുത്തങ്ങൾക്കനുസരിച്ച് അഥവാ ഒരു സമഗ്രനിപുണമായ ജാഗ്രതയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുപോരുകയാണ്.

പ്രാണിസഹജമായ ആവശ്യങ്ങളുടെ സംതൃപ്തിക്കുവേണ്ടിയുള്ള ഭൗതികവസ്തുക്കളുടെ ഉത്പാദനോപഭോഗങ്ങൾക്കുമപ്പുറത്താണ് സ്വാതന്ത്ര്യത്തിന്റെ മേഖല. എന്തുകൊണ്ടെന്നാൽ, വസ്തുക്കളുടെ സ്വായത്തീകരണവും സ്വത്ത് കൈവശം വയ്ക്കുന്നതിലുള്ള ആഗ്രഹവും മനുഷ്യനെ അവന്റെ മാനുഷികബോധങ്ങളോടുകൂടിയ യാഥാർത്ഥ്യത്തെ പ്രാപിക്കുന്നതിൽ നിന്ന് അകറ്റി നിർത്തുന്നു. കൈവശം വയ്ക്കുന്നതിനുള്ള ആഗ്രഹങ്ങളെ മനുഷ്യന്റെ ബോധമണ്ഡലത്തിൽനിന്നു മോചിപ്പിക്കുന്നതിലും അവന്റെ പ്രകൃതിയെ മാനുഷികമാക്കുന്നതിലുമാണ് സ്വാതന്ത്ര്യത്തിന്റെ മേഖല സ്ഥിതിചെയ്യുന്നത്. ആ മേഖല ബുദ്ധിയുടെയും ബോധങ്ങളുടെയും മേഖലയാണ്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ആത്മാർത്ഥമായ മനുഷ്യബന്ധങ്ങളുടെയും മേഖലയാണ്. മനുഷ്യന്റെ സാകല്യേനയുള്ള സമ്പത്തിനും സഹജമായഭാവത്തിനും യോജിക്കുന്ന മനുഷ്യബോധത്തെ സൃഷ്ടിക്കുന്ന മേഖലയാണ് അത്. (മാർക്സ്).

ഭൗതികസൗകര്യങ്ങളുടെ സമൃദ്ധിക്കു കാരണമായ ഉത്പാദനശക്തികളെ ഗണ്യമായി വികസിപ്പിക്കുന്നതിന്റെയും എല്ലാ ഭൃത്യബന്ധങ്ങളെയും അന്യാധീനവത്കരണത്തെയും നശിപ്പിക്കുന്നതിന്റെയും അടിസ്ഥാനത്തിൽ മാത്രമേ മനുഷ്യന് ആവശ്യകതകളുടെ സാമ്രാജ്യം അതിക്രമിച്ച് സ്വാതന്ത്ര്യത്തിന്റെ സാമ്രാജ്യത്തിലേക്കു പ്രവേശിക്കുവാൻ സാദ്ധ്യമാവുകയുള്ളൂ.

ഓരോരുത്തനും തന്നിൽ മാത്രമേ നോട്ടമുള്ളൂ. ആരും മറ്റുള്ളവരെക്കുറിച്ചു വേവലാതിപ്പെടുന്നില്ല. അപ്രകാരം ചെയ്യുന്നതുകൊണ്ടുമാത്രം അവർ പരസ്പരഗുണത്തിനുവേണ്ടി, എല്ലാവരുടെയും ക്ഷേമത്തിനുവേണ്ടി, എല്ലാവരുടെയും താൽപര്യങ്ങൾക്കുവേണ്ടി, പൂർവ്വപ്രതിഷ്ഠിതമായ പൊരുത്തങ്ങൾക്കനുസരിച്ച് അഥവാ ഒരു സമഗ്രനിപുണമായ ജാഗ്രതയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുപോരുകയാണ്.

മാർക്സ് രേഖപ്പെടുത്തിയിരിക്കുന്നു: "അവശ്യകതയുടെയും ബാഹ്യ പ്രയോജനത്തിന്റെയും നിർബന്ധത്തിനു വഴങ്ങി അദ്ധ്വാനം ആവശ്യമായി വരുന്നഘട്ടം അതിക്രമിക്കുന്നതുവരെ സ്വാതന്ത്ര്യത്തിന്റെ മേഖല ആരംഭിക്കുന്നതേയില്ല. വസ്തുതകളുടെ സ്വഭാവമനുസരിച്ചും പരിനിഷ്ഠിതമായ അർത്ഥത്തിലും സ്വാതന്ത്ര്യമേഖലയുടെ കിടപ്പ് ഭൗതികോത്പാദനമേഖലയുടെ അപ്പുറത്താണ്. തന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തന്റെ ജീവിതസന്ധാരണത്തിനും പ്രത്യുത്പാദനത്തിനുമായി പ്രാകൃതമനുഷ്യന് പ്രകൃതിയോടു മല്ലിടേണ്ടിവന്നിട്ടുണ്ടല്ലോ. അതുപോലെ പരിഷ്കൃതമനുഷ്യനും ചെയ്യേണ്ടതായിട്ടുണ്ട്. ഏതു സാമൂഹ്യവ്യവസ്ഥയോടും സാദ്ധ്യതയുള്ള ഏതുവിധം ഉൽപാദനവ്യവസ്ഥയോടും അയാൾ അതു ചെയ്തുകൊണ്ടിരിക്കുകതന്നെവേണം. അയാളുടെ വികാസത്തോടൊപ്പം സ്വാഭാവികാവശ്യകതകളുടെ മേഖലയും വികസിക്കുന്നു. പക്ഷേ, ഒപ്പംതന്നെ ഉത്പാദനശക്തികളും വർദ്ധമാനമായിത്തീരുന്നതുനിമിത്തം ഈ ആവശ്യകതകൾ ക്ലേശരഹിതം നിറവേറ്റപ്പെടുന്നു. സോഷ്യലീകരിക്കപ്പെട്ട മനുഷ്യൻ (സംഘടിതമായ ഉത്പ്പാദകവർഗ്ഗം) പ്രകൃതിയുമായുള്ള തന്റെ പൈതൃക മാറ്റത്തെ ശാസ്ത്രീയമായി നിയന്ത്രിക്കുന്നു. പ്രകൃതിയെ ഏതോ ഒരു അന്ധശക്തിയെക്കൊണ്ടു ഭരിപ്പിക്കുന്നതിനു പകരം തന്റെ സാമാന്യനിയന്ത്രണത്തിൽ കൊണ്ടുവരുന്നതിലാണ് പ്രസ്തുത മേഖലയിലെ സ്വാതന്ത്ര്യം നിലകൊള്ളുന്നത്. ഊർജ്ജം ഏറ്റവും കുറച്ചു ചെലവഴിച്ചും തന്റെ മാനുഷിക സ്വഭാവത്തിന് ഏറ്റവും യോജിച്ച രീതിയിലും പര്യാപ്തമായ വിധത്തിലും അവൻ അതു സാധിപ്പിച്ചെടുക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും അത് എപ്പോഴും ആവശ്യകതയുടെ മേഖലതന്നെയാണ്. അതിനുമപ്പുറത്താണ് മനുഷ്യശക്തിയുടെ യഥാർത്ഥമായ വികസനം ആരംഭിക്കുന്നത്. അതിന്റെ ലക്ഷ്യം അതുതന്നെയാണ്. അതുതന്നെയാണ് സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥമായ മേഖല (മാർക്സ്: കാപ്പിറ്റൽ)."

(കലാകൗമുദി ലക്കം 65 മുതൽ 76 വരെ.)

□

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ. യിൽ ഉറച്ചുനിന്നെങ്കിലും അവസാന കാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‌ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014